# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വെച്ചൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.റ്റി.എം. പി6/2018/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 21/10/2022
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വെച്ചൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വെച്ചൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെച്ചൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.റ്റി.എം. പി6/2018/22 തീയ്യതി: 21/10/2022

## കോട്ടയം ജില്ലയിലെ വെച്ചൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ വെച്ചൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-08-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 30 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 24-09-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ബീനാകുമാരി സി ആർ | ഡെപ്യൂട്ടി ഡയറക്ടർ | 13-09-2022 | 24-09-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 13-09-2022 | 24-09-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സുലത ഡി , ഓഡിറ്റ് ഓഫീസർ (ഹ ഗ്രേ)

ശ്രീമതി സ്മിത ജി നായർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി അമ്പിളി യു,സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ ബിനീത് രാജൻ , ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ കെ ആർ ഷൈലകുമാർ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി ഐ സുബൈദ ബായ് | സെക്രട്ടറി | 01-04-2021 | 04-07-2021 |
| ശ്രീ എസ് രാജീവ് | സെക്രട്ടറി | 05-07-2021 | 22-07-2021 |
| ശ്രീ സുധീന്ദ്രബാബു പി എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 23-07-2021 | 27-07-2021 |
| ശ്രീ വി എൻ രജിമോൻ | സെക്രട്ടറി | 28-07-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി മിനി കെ കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 13-07-2021 |
| ശ്രീ സുധീന്ദ്രബാബു പി എസ് | അസിസ്റ്റന്റ് സെക്രട്ടറി | 14-07-2021 | 31-03-2022 |
| ശ്രീ ബിനു കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ഡോ ജി ഐ സപ്ന | മെഡിക്കൽ ഓഫീസർ, സി എച്ച് സി | 01-04-2021 | 31-03-2022 |
| ഡോ സുനിൽ എ വി | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2021 | 31-03-2022 |
| ഡോ ശ്രീദേവി കെ എസ് | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2021 | 28-06-2021 |
| ഡോ.സ്മിത മോഹൻ | മെഡിക്കൽ ഓഫീസർ ഹോമിയോ | 29-06-2021 | 30-08-2021 |
| ഡോ. ജയ വി എസ് | മെഡിക്കൽ ഓഫീസർ ഹോമിയോ | 31-08-2021 | 31-03-2022 |
| ശ്രീമതി സിന്ധു വാസുദേവൻ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2021 | 15-11-2021 |
| ശ്രീമതി രമ്യ ആർ | ഐ സി ഡി എസ് സൂപ്പർവൈസർ | 16-11-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീമതി ബ്ലെസ്സി ജോഷി | ഫിഷറീസ് സബ്ഇൻസ്പെക്ടർ | 01-04-2021 | 25-08-2021 |
| ശ്രീമതി കൃഷ്ണ എസ് | ഫിഷറീസ് സബ്ഇൻസ്പെക്ടർ | 26-08-2021 | 19-09-2021 |
| ശ്രീ കണ്ണൻ പി | ഫിഷറീസ് സബ്ഇൻസ്പെക്ടർ | 20-09-2021 | 31-03-2022 |
| ശ്രീമതി ആശ ശ്രീധരൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ സനൽ എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 01-11-2021 |
| ശ്രീമതി ആശ ശ്രീധരൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 02-11-2021 | 15-12-2021 |
| ശ്രീ അരുൺ കുമാർ എ ജി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 16-12-2021 | 24-01-2022 |
| ശ്രീമതി ആശ ശ്രീധരൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 25-01-2022 | 31-03-2022 |
| ശ്രീ മനോജ്കുമാർ എം | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 28-07-2021 |
| ശ്രീ ലിപീഷ് മാത്യൂ | ഡയറി ഫാം ഇൻസ്ട്രക്ടർ | 20-11-2021 | 31-03-2022 |
| ഡോ.നിമ്മി എ ജോർജ്ജ് | വെറ്റിറനറി സർജൻ | 01-04-2021 | 31-03-2022 |

ഡയറി ഫാം ഇൻസ്ട്രക്ടർ - 29.07.2021 മുതൽ 19.11.2021 വരെ ചാർജ്ജ് നൽകിയിട്ടില്ല.

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sulatha.D (Audit Officer, On 24-09-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 21-10-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Smitha G Nair (Asst. Audit Officer, On 23-09-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 21-10-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Smitha G Nair (Asst. Audit Officer, On 22-09-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 21-10-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Smitha G Nair (Asst. Audit Officer, On 22-09-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 20-10-2022) | 1-4 |
| 5 | വാർഷികപദ്ധതി -അവലോകനം<br>Written By: Sulatha.D (Audit Officer, On 23-09-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 21-10-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Ambili.U (Senior Grade Auditor, On 22-09-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 21-10-2022) | 1-6 |
| 7 | സാമൂഹ്യസുരക്ഷ പദ്ധതികൾ<br>Written By: Bineeth Rajan (Auditor, On 16-09-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 18-10-2022) | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Bineeth Rajan (Auditor, On 17-09-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 18-10-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണ സംവിധാനം<br>Written By: Sulatha.D (Audit Officer, On 24-09-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 20-10-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Bineeth Rajan (Auditor, On 17-09-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 18-10-2022) | 1-10 |
| 11 | സാംഖ്യ രസീതുകൾ - പരിപാലനം / ഡിസ്പോസൽ<br>Written By: Bineeth Rajan (Auditor, On 22-09-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 18-10-2022) | 1-11 |
| 12 | ട്രഷറി അക്കൗണ്ട് - തുക തനത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടേണ്ടതാണ്.<br>Written By: Bineeth Rajan (Auditor, On 22-09-2022)<br>Last Updated By: Bineeth Rajan (Auditor, On 24-09-2022) | 1-12 |
| 13 | തൊഴിൽനികുതി ഈടാക്കിയില്ല.<br>Written By: Bineeth Rajan (Auditor, On 22-09-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 18-10-2022) | 1-13 |
| 14 | ILGMS ഔട്ട് ഡോർ കളക്ഷൻ കൺട്രോൾ അക്കൗണ്ടിൽ 17998/- രൂപ അവശേഷിക്കുന്നു.<br>Written By: Bineeth Rajan (Auditor, On 22-09-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 21-10-2022) | 1-14 |
| 15 | വസ്തുനികുതി കുടിശ്ശിക – പിരിച്ചെടുക്കൽ നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്.<br>Written By: Bineeth Rajan (Auditor, On 22-09-2022)<br>Last Updated By: Bineeth Rajan (Auditor, On 24-09-2022) | 1-15 |
| 16 | കാലഹരണപ്പെട്ട നിക്ഷേപ തുക പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടിയില്ല.<br>Written By: Ambili.U (Senior Grade Auditor, On 23-09-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 21-10-2022) | 1-16 |

| | | |
|---|---|---|
| 17 | സംയുക്തപരിശോധന നടത്തി നാളുകൾ കഴിഞ്ഞിട്ടും വാട്ടർ അതോറിറ്റി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല- വാട്ടർ ചാർജ് ഇനത്തിൽ അധികതുക അടവാക്കിപ്പോരുന്നു.<br>Written By: Sulatha.D (Audit Officer, On 23-09-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 21-10-2022) | 1-17 |
| 18 | സ്വാന്തനപരിചരണ പദ്ധതി - മരുന്നുകൾ ലഭ്യമായില്ല<br>Written By: Bineeth Rajan (Auditor, On 22-09-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 18-10-2022) | 1-18 |
| 19 | സിസിടിവി ക്യാമറ സ്ഥാപിക്കൽ - 4.9ലക്ഷത്തിലധികം രൂപ ചെലവഴിക്കപ്പെട്ട പ്രോജക്ട് - ലക്ഷ്യം കൈവരിച്ചിട്ടില്ല.<br>Written By: Sulatha.D (Audit Officer, On 23-09-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 21-10-2022) | 1-19 |
| 20 | വിവിധ വാർഡുകളിൽ വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് പൈപ്പ് വാങ്ങൽ- നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല- പ്രോജക്ട്നിർവ്വഹണത്തിൽ അപാകതകൾ .<br>Written By: Sulatha.D (Audit Officer, On 23-09-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 21-10-2022) | 1-20 |
| 21 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നും അനുബന്ധ സാധനങ്ങളും വാങ്ങൽ - മരുന്നുകൾ ലഭ്യമായില്ല<br>Written By: Bineeth Rajan (Auditor, On 22-09-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 18-10-2022) | 1-21 |
| 22 | ഒരു വീടിന് ഒരു അടുക്കളത്തോട്ടം - വിതരണവിവരങ്ങൾ ലഭ്യമല്ല.<br>Written By: Bineeth Rajan (Auditor, On 22-09-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 21-10-2022) | 1-22 |
| 23 | വഴിയോര വിശ്രമകേന്ദ്രം- പണി പൂർത്തീകരിച്ചെങ്കിലും ഉപയോഗപ്രദമാക്കിയിട്ടില്ല.<br>Written By: Smitha G Nair (Asst. Audit Officer, On 23-09-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 21-10-2022) | 1-23 |
| 24 | അങ്കണവാടി നിർമ്മാണ പ്രോജക്റ്റുകൾ- ജില്ലാ പഞ്ചായത്ത് വിഹിതം ചെലവഴിച്ചില്ല<br>Written By: Smitha G Nair (Asst. Audit Officer, On 23-09-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 21-10-2022) | 1-24 |
| 25 | കന്നുകുട്ടി പരിപാലന പദ്ധതി- വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്<br>Written By: Smitha G Nair (Asst. Audit Officer, On 23-09-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 21-10-2022) | 1-25 |
| 26 | നിക്ഷേപപ്രവൃത്തികൾ- വിനിയോഗവിവരങ്ങൾ ലഭ്യമായിട്ടില്ല-ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Sulatha.D (Audit Officer, On 23-09-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 21-10-2022) | 1-26 |
| 27 | വിവിധ ഉദ്ദേശ്യങ്ങൾക്കായി ഫണ്ട് കൈമാറൽ - ചെലവ് വിശദാംശങ്ങൾ ലഭ്യമായിട്ടില്ല<br>Written By: Sulatha.D (Audit Officer, On 23-09-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 21-10-2022) | 1-27 |
| 28 | പ്രത്യേക ആവശ്യത്തിനുള്ള ഗ്രാന്റുകൾ - ചെലവഴിച്ചിട്ടില്ല<br>Written By: Smitha G Nair (Asst. Audit Officer, On 23-09-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 18-10-2022) | 1-28 |
| 29 | റോഡ് കണക്റ്റിവിറ്റി മാപ്പ്- മാപ്പിങ്ങ് പൂർത്തിയായിട്ടില്ല<br>Written By: Smitha G Nair (Asst. Audit Officer, On 23-09-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 18-10-2022) | 1-29 |
| 30 | പുത്തൻപാലം GHS സ്കൂൾ കെട്ടിടനവീകരണം- ഗ്രാമപഞ്ചായത്തിന് | 1-30 |

| | | |
|---|---|---|
| | കൈമാറാത്ത സ്ഥാപനത്തിന് തുക ചെലവഴിച്ചു<br>Written By: Smitha G Nair (Asst. Audit Officer, On 24-09-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 18-10-2022) | |
| 31 | വിവിധ വാർഡുകളിലെ കോളനികളിൽ തുമ്പൂർമുഴിമോഡൽ എയ്റോബിക്ക് ബിൻ കമ്പോസ്റ്റ്-നിർവ്വഹണ ഏജൻസിക്ക് തുക പൂർണ്ണമായും നൽകിയിട്ടില്ല.<br>Written By: Ambili.U (Senior Grade Auditor, On 23-09-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 20-10-2022) | 1-31 |
| 32 | ലൈഫ് ഭവന പദ്ധതി അവലോകനം<br>Written By: Ambili.U (Senior Grade Auditor, On 23-09-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 18-10-2022) | 1-32 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം<br>Written By: Ambili.U (Senior Grade Auditor, On 22-09-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 18-10-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Ambili.U (Senior Grade Auditor, On 22-09-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 20-10-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Ambili.U (Senior Grade Auditor, On 22-09-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 18-10-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Ambili.U (Senior Grade Auditor, On 22-09-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 18-10-2022) | 4-4 |
| 5 | വായ്പ/വായ്പാതിരിച്ചടവ്<br>Written By: Ambili.U (Senior Grade Auditor, On 22-09-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 18-10-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപത്തിന്റെ വിവരം<br>Written By: Ambili.U (Senior Grade Auditor, On 22-09-2022)<br>Last Updated By: Ambili.U (Senior Grade Auditor, On 22-09-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Ambili.U (Senior Grade Auditor, On 22-09-2022)<br>Last Updated By: Ambili.U (Senior Grade Auditor, On 22-09-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Ambili.U (Senior Grade Auditor, On 22-09-2022)<br>Last Updated By: Ambili.U (Senior Grade Auditor, On 22-09-2022) | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം<br>Written By: Ambili.U (Senior Grade Auditor, On 22-09-2022)<br>Last Updated By: Ambili.U (Senior Grade Auditor, On 22-09-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Ambili.U (Senior Grade Auditor, On 22-09-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 21-10-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Ambili.U (Senior Grade Auditor, On 22-09-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 20-10-2022) | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

12-2- 21 ലെ യോഗതീരുമാനപ്രകാരം ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ച് ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തേക്കുള്ള കരട് ബജറ്റ് 15-2-21-ൽ പഞ്ചായത്ത് പൊതുസമിതിയിൽ അവതരിപ്പിക്കുകയും ആയതിന്മേൽ നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ ആവശ്യമായ ഭേദഗതികളോടെ 17-2-21-ലെ പഞ്ചായത്ത് കമ്മിറ്റി തൻവർഷത്തെ ബജറ്റ് അംഗീകരിക്കുകയും (അജണ്ട- 1 തീരുമാനം -1) ചെയ്തു. ബജറ്റ് പ്രകാരമുള്ള വരവ്-ചെലവുകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 65,14,068 |
| വരവ് | 173448468/- |
| ആകെ | 17,99,62,536 |
| ചെലവ് | 17,46,29,623/- |
| നീക്കിയിരിപ്പ് | 53,32,913/- |

തയ്യാറാക്കലുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളുടെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. ആയതിനാൽ 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 215, തദ്ദേശസ്വയംഭരണവകുപ്പിന്റെ 2.12.16-ലെ ജി.ഒ.(ആർ.ടി)3291/16/എൽ.എസ്.ജി.ഡി നമ്പർ ഉത്തരവ് എന്നിവ അനുസരിച്ചുള്ള നടപടിക്രമങ്ങളും പ്രവർത്തനഘട്ടങ്ങളും പാലിച്ചാണോ വാർഷിക ബജറ്റ് തയ്യാറാക്കിയിട്ടുള്ളതെന്ന് ബോധ്യപ്പെട്ടിട്ടില്ല.

ബജറ്റ് തയ്യാറാക്കലുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളുടെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാകാത്തതിനാൽ 1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 215, തദ്ദേശസ്വയംഭരണവകുപ്പിന്റെ 2.12.16-ലെ ജി.ഒ.(ആർ.ടി)3291/16/എൽ.എസ്.ജി.ഡി നമ്പർ ഉത്തരവ് എന്നിവ അനുസരിച്ചുള്ള നടപടിക്രമങ്ങളും പ്രവർത്തനഘട്ടങ്ങളും പാലിച്ചാണോ വാർഷികബജറ്റ് തയ്യാറാക്കിയിട്ടുള്ളതെന്ന് ബോധ്യപ്പെട്ടിട്ടില്ല. ബജറ്റ് ഫയൽ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കേണ്ടതും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണെന്ന് അറിയിക്കുന്നു.

തുടർന്ന് സാങ്കേതികവും അനിവാര്യവുമായ വിവിധ കാരണങ്ങളാൽ വാർഷികപദ്ധതിയിൽ വന്ന ഭേദഗതികളുടെ അടിസ്ഥാനത്തിൽ തൻവർഷത്തെ ബജറ്റ് പുതുക്കി അംഗീകരിച്ചിട്ടുണ്ട് ( പഞ്ചായത്ത്കമ്മിറ്റിയുടെ 16-3-22-ലെ 3-ാം നമ്പർ തീരുമാനം ) പുതുക്കിയ ബജറ്റ്പ്രകാരമുള്ള വരവുചെലവുവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | -8,12,678 |
| വരവ് | 17,56,98,468 |
| ആകെ | 17,48,85,790 |
| ചെലവ് | 17,36,54,116 |
| നീക്കിയിരിപ്പ് | 12,31,674 |

### 1-2 വാർഷികധനകാര്യപത്രിക

വെച്ചൂർ ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 30/05/2022ലെ 3/1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് ഓഡിറ്റിന് സമർപ്പിച്ച 2021-22 ലെ വാർഷിക ധനകാര്യപത്രികയുടെ ഭാഗമായ റസീറ്റ്സ് ആന്റ് പേയ്മെന്റ് പത്രിക പ്രകാരമുള്ള വർഷാരംഭ മുന്നിരിപ്പ് 5411711രൂപയും തൻവർഷ വരവ് 62823080രൂപയും തൻവർഷചെലവ് 64383063 രൂപയും വർഷാവസാന നീക്കിയിരിപ്പ് 3851728രൂപയും ആകുന്നു. തൻവർഷത്തെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ആകെ വരുമാനം

162816500രൂപയും ആകെ ചെലവ് 163037279 രൂപയും ആകുന്നു. വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1 . 26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

2.31/03/2022തീയതിയിലെ പഞ്ചായത്തിന്റെ ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ റിസേർവ്സ് എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകൾ ലഭ്യമല്ല.

3.പ്ലാൻ ഫണ്ട് പ്രോജക്ടുകളുടെ ചെലവ് റവന്യൂ, ക്യാപ്പിറ്റൽ എന്നിവ വേർതിരിച്ച് അതാത് ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല .ഇത്തരത്തിൽ ക്രമീകരിക്കുന്ന തുകകൾക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

4.412010101-Capital Work In Progress ശീർഷകത്തിലെ ഇടപാടുകളുടെയും നീക്കിയിരിപ്പിന്റെയും കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല.

5.വിവിധ നികുതിയിനങ്ങളുടെ ഡിമാന്റ്-കളക്ഷൻ-ബാലൻസ് രജിസ്റ്റർ പ്രകാരമുള്ളത് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

6. ദേശീയ തൊഴിലുറപ്പ് പദ്ധതി വരവ്/ചെലവ് കണക്കുകൾ കാഷ്ബുക്കുമായി പൊരുത്തപ്പെടുന്നില്ല.

7.സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

8.ജില്ലാ പഞ്ചായത്തിന്റെ വരവ് ചെലവ് കണക്കുകൾ രജിസ്ററുകളുമായി പൊരുത്തപ്പെടുന്നില്ല.

9.ബാലൻസ് ഷീറ്റ് ബി9 ഷെഡ്യൂളിലെ 350410101, 350410104, 350410102, 350410301 ശീർഷകങ്ങളിലെ വസ്തുനികുതി, തൊഴിൽ നികുതി, ലൈസൻസ് വരവുകളുടെ മുൻകുറുകൾ ക്രമീകരിച്ചതിന്റെ വിശദാംശം ഡിമാന്റ് രജിസ്റ്ററുകളിൽ ലഭ്യമല്ല.

10. I-18 പ്രകാരം മുൻവർഷ ഇനങ്ങളായി ക്രമീകരിച്ച തുകകളുടെ അക്കൗണ്ടിങ്ങ് ക്രമീകരണം നടത്തിയതിന് അടിസ്ഥാനമായ രേഖകൾ ലഭ്യമല്ല.

11.സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിലെ തനത് ഫണ്ട് (അക്കൗണ്ട് നം.625), അക്കൗണ്ടിൽ നിന്നും നൽകിയിട്ടുള്ളതും 3 മാസത്തിലധികമായി എൻകാഷ് ചെയ്യാത്തതുമായ ചെക്കുകളുടെ തുക "കാലാവധി കഴിഞ്ഞ ചെക്കുകൾ " എന്ന ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല.

12. സംയുക്ത പ്രോജക്ടിനായി ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് ലഭിച്ച 82220 രൂപ തനത്ഫണ്ടിൽ നിന്നുള്ള പ്രോജക്ട് ചെലവായാണ് സുലേഖയിൽ രേഖപ്പെടുത്തിയത്( 93/22 മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ലാപ്പ് ടോപ്പ്)

13. വിവിധ ഡെപ്പോസിറ്റുകളുടെ വരവ് ചെലവ് കണക്കുകൾ വാർഷികകണക്കുമായി (RP 33 ) പൊരുത്തപ്പെടുന്നില്ല

14. ശുചിത്വ മിഷൻ വരവ് ചെലവ് കണക്കുകൾ ബി 4 ഫണ്ട് രജിസ്റ്റർ ,വാർഷിക ധനകാര്യപത്രിക എന്നിവ പൊരുത്തപ്പെടുന്നില്ല.

15.പദ്ധതി ചെലവുമായി ബന്ധപ്പെട്ട് പഞ്ചായത്തിന് ബാധകമല്ലാത്ത ശീർഷകങ്ങളിലും തുകകൾ അക്കൗണ്ട് ചെയ്തിരിക്കുന്നു. ഉദാഹരണമായി കിഴങ്ങു വർഗ്ഗകിറ്റ് വിതരണം, അടുക്കളത്തോട്ട നിർമ്മാണം എന്നിവയുടെ ചെലവുകൾ ഫ്ലോറികൾച്ചർ എന്ന ശീർഷകത്തിലാണ് വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്

16.പൊതുടാപ്പുകളുടെ വെള്ളക്കരമടവാക്കൽ എന്ന പ്രോജക്ട് പ്രകാരം 1229400രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ 1126950/-രൂപയാണ് വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്

ഗ്രാമ പഞ്ചായത്തിൽ ILGMS സോഫ്റ്റ്വെയർ പ്രകാരമുള്ള അക്കൗണ്ടിംഗ് ആരംഭിച്ചത് 01-9-2021 മുതലാണ്. പ്രാരംഭ നടപടിയായി 31-3-2021 ലെ ബാലൻസ് ഷീറ്റ് ILGMS ന്റെ ഓപ്പണിംഗ് ബാലൻസ്

ഷീറ്റായി ഉൾപ്പെടുത്തിയിട്ടുണ്ട്. 1-4-21 മുതൽ 31-03-2021 വരെയുള്ള റസീറ്റ് & പേയ്മെന്റ് പത്രിക, ഇൻകം & എക്സ്പെൻഡിച്ചർ പത്രിക എന്നിവ (ആകെ വരവ് ചെലവ് ) പി ഡി ഇ (പാസ്റ്റ് ഡാറ്റാ എൻട്രി) പ്രകാരം ILGMS ന്റെ ഭാഗമാക്കിയപ്പോൾ ലോക്കൽ സാംഖ്യയിലെയും ILGMS ലെയും 01-9-2021 ലെ റസീറ്റ് & പേയ്മെന്റ് പത്രിക, ഇൻകം & എക്സ്പെൻഡിച്ചർ പത്രിക എന്നിവ പൊരുത്തപ്പെടുന്നുണ്ട്. എന്നാൽ 01/09/22 ലെ ലോക്കൽ സാംഖ്യ പ്രകാരമുള്ള ബാലൻസ് ഷീറ്റും ILGMS പ്രകാരമുള്ള ബാലൻസ് ഷീറ്റും പൊരുത്തപ്പെടുന്നില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 5411711 |
| ഓഡിറ്റ് വർഷത്തെ വരവ് | 62823080 |
| ആകെ | 68234791 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 64383063 |
| നീക്കിയിരിപ്പ് | 3851728 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4136435/- |

## 1-4 ഫണ്ട് വിനിയോഗം

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | | 14108000 | 14108000 | 14108000 | - |
| വികസന ഫണ്ട്-SCSP | | 5263700 | 5263700 | 4738000 | 525700 |
| വികസന ഫണ്ട്- TSP | | 5100 | 5100 | 0 | 5100 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied | | 4712936 | 4712936 | 4591009 | 121927 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Tied | | 5718828 | 5718828 | 4899386 | 819442 |
| മെയിന്റനൻസ് ഗ്രാന്റ്- Road | | 10006063 | 10006063 | 8391390 | 1614673 |
| മെയിന്റനൻസ് ഗ്രാന്റ്- Non Road | | 5252153 | 5252153 | 3632744 | 1616409 |
| സമ്പൂർണ്ണ ശുചിത്വ പരിപാടി(TSC) | 601763 | 0 | 601763 | 0 | 601763 |

| | | | | | |
|---|---|---|---|---|---|
| ICDS ഫണ്ട് | 464965 | 500044 | 965009 | 456340 | 508669 |
| ശുചിത്വ മിഷൻ ഗ്രാന്റ് | 1719450 | 130000 | 1849450 | 1399256 | 450194 |
| ബ്ലോക്ക് പഞ്ചായത്ത് (റവന്യൂ ചെലവ്) | 522338 | 0 | 522338 | 82220 | 440118 |
| ബ്ലോക്ക് പഞ്ചായത്ത് | 0 | 418500 | 418500 | 418500 | 0 |
| ജില്ലാ പഞ്ചായത്ത് (റവന്യൂ ചെലവ്) | 201290 | 900000 | 1101290 | 200000 | 901290* |
| ജില്ലാ പഞ്ചായത്ത് | 0 | 1473590 | 1473590 | 1473590 | 0 |

* 500000രൂപ സർക്കാർ തിരികെയെടുത്തതുൾപ്പെടെ

വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് എന്നിവയിൽ ബജറ്റ് അലോട്ട്മെന്റിന് പുറമേ 31/03/2022 ലെ സ.ഉ.(സാധാ) നം.2617/2022/ധന പ്രകാരം അധിക അലോട്ട്മെന്റ് മുൻവർഷം ചെലവഴിക്കാതെ ലാപ്സായ തുക ക്യാരി ഓവർ ചെയ്ത് ലഭിച്ചിട്ടുണ്ട്. വികസനഫണ്ട് എസ് സി പിയിൽ 525700 രൂപയും ടി എസ് പിയിൽ 5100 രൂപയും ഇപ്രകാരം ലഭിച്ചിട്ടുണ്ട്, കൂടാതെ മെയിന്റനൻസ് ഗ്രാന്റ്-Non Road ഫണ്ടിൽ നിന്ന് വോട്ടിങ്ങ് മെഷീൻ ചാർജായി 2020-21 വർഷം കുറവു ചെയ്ത തുക 35653രൂപ തൻവർഷം 24/02/2022-ലെ സ.ഉ.(സാധാ) നം.1276/2022/ധന പ്രകാരം പ്രത്യേക അലോട്ട്മെന്റായി ലഭിച്ചിട്ടുണ്ട്.
ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഫണ്ടുകളിൽ ബജറ്റ് അലോട്ട്മെന്റിൽ അധികമായി 07/10/2021 ലെ സർക്കാർ ഉത്തരവ് (ആർ.റ്റി) .6591/2021/ഫിൻ പ്രകാരം മുൻവർഷം ലാപ്സായ തുക അധിക അലോട്ട്മെന്റായി ലഭിച്ചിട്ടുണ്ട്. ടൈഡ് ഇനത്തിൽ 1777828രൂപയും ബേസിക്ക് ടാക്സ് ഇനത്തിൽ 2085936രൂപയും ഇപ്രകാരം അധിക അലോട്ട് മെന്റ് ലഭിച്ചിട്ടുണ്ട്. പ്രസ്തുത തുകയിൽ ബാങ്കിൽ അവശേഷിക്കുന്ന 658575/- രൂപയിൽ 50837/- രൂപ പലിശയാണ്. ട്രഷറിയിൽ വന്ന അലോട്ട്മെന്റ് തുകയിൽ 333631/- രൂപ ലാപ്സായിട്ടുണ്ട്. കൂടാതെ മെയിന്റനൻസ് റോഡിനത്തിൽ 1614673/- രൂപയും നോൺ റോഡിനത്തിൽ 1616409/- രൂപയും തൻവർഷം ലാപ്സായിട്ടുണ്ട്.

1.ജി ഒ പ്രോജക്റ്റായി സ്രോതസ്സിൽ കുറവ് ചെയ്ത തുകകൾ വാർഷികകണക്കിൽ (RP 7) ഉൾപ്പെടുത്താത്തതിനാൽ പൊതുവിഭാഗം വികസനഫണ്ട്, എസ്.സി.പി, ടി എസ് പി ഫണ്ട് ചെലവ് തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ , എന്നിവയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.

2. വികസന ഫണ്ടിന്റെ അലോട്ട്മെന്റ് പ്രകാരമുള്ള യഥാർത്ഥ ഗ്രാന്റും ACR/ഗ്രാന്റ് പത്രിക പ്രകാരമുള്ള അലോട്ട്മെന്റും തമ്മിലുള്ള വ്യത്യാസം KURDFC വായ്പ തിരിച്ചടവ്, അങ്കണവാടി ഹോണറേറിയം ഇനങ്ങളിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുകകളാണ്. എന്നാൽ31/03/2022 ലെ സ.ഉ.(സാധാ) നം.2617/2022/ധന പ്രകാരം വികസന ഫണ്ട് എസ് സി പി ,ടി എസ് പി എന്നിവയിൽ അധിക അലോട്ട്മെന്റായി ലഭിച്ച 525700 രൂപയും 5100രൂപയും അലോട്ട്മെന്റായി അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല. ആയതിനാൽ എസി ആറിലും ഗ്രാന്റ് സ്റ്റേറ്റ് മെന്റിലും പ്രസ്തുത തുകകൾ ഉൾപ്പെട്ടിട്ടില്ല.

3. ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വിവിധ ഫണ്ടിനങ്ങളുടെ അലോക്കേഷൻ തുകകളും ബാലൻസ് തുകകളും രേഖപ്പെടുത്തിയിട്ടുള്ളത് എ.സി.ആർ./ചെലവു പത്രികയുമായി പൊരുത്തപ്പെടുന്നില്ല. ചെലവ് തുകകൾ

സുലേഖ പത്രികയുമായി പൊരുത്തപ്പെടുന്നുണ്ട്. തന്മൂലം ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വകയിരുത്തൽ , നീക്കിയിരിപ്പ് തുകകളുടെ കൃത്യത നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല.

4.കേന്ദ്ര, സംസ്ഥാനാവിഷ്കൃത പദ്ധതികൾ വകയിരുത്തൽ, ചെലവ്, നീക്കിയിരിപ്പ് തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, വാർഷിക കണക്കുകൾ, പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്ന എസിആർ / ക്യാഷ് ബുക്ക് എന്നിവയുമായി വ്യത്യാസപ്പെട്ടിരിക്കുന്നു.

മേൽ അപാകതകൾക്ക് വിധേയമായാണ് ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം (അനുബന്ധം 2) നൽകിയിരിക്കുന്നത്.

## 1-5 വാർഷികപദ്ധതി -അവലോകനം

വെച്ചൂർ ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ വാർഷികപദ്ധതിക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 22.02.2021-ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം ഭരണാനുമതിയും ജില്ലാ ആസൂത്രണസമിതി മെമ്പർ സെക്രട്ടറിയുടെ 3-9-21-ലെ 81898/21/DPC/DPO/KTM നം നടപടി ഉത്തരവുപ്രകാരം നിർവ്വഹണാംഗീകാരവും ലഭിച്ചിരുന്നു.

പദ്ധതിരൂപീകരണത്തിന്റെ വിവിധ പ്രവർത്തനഘട്ടങ്ങൾ താഴെ ചേർക്കുന്നു.

| പ്രവർത്തനഘട്ടം | നടത്തിയ തീയതി |
|---|---|
| പദ്ധതിരൂപീകരണഗ്രാമസഭകൾ | 2-12-21മുതൽ 16-12-21വരെ |
| വർക്കിംഗ് ഗ്രൂപ്പുയോഗങ്ങൾ | 1-2-21, 20-2-21 , |
| മത്സ്യസഭായോഗങ്ങൾ | 14-2-21, 16-2-21 |
| വയോജനഗ്രാമസഭ | 19-2-21 |
| ഭിന്നശേഷി ഗ്രാമസഭ | 19-2-21 |
| ഊരുകൂട്ടയോഗം | 17-2-21 |
| വികസനസെമിനാർ | 22-2-21 |
| ഗുണഭോക്തൃലിസ്റ്റ് അംഗീകരിക്കുന്നതിനുള്ള ഗ്രാമസഭകൾ | 8-1-22 മുതൽ 14-1-22 വരെ |

### വാർഷികപദ്ധതി -വരവുചെലവുകണക്കുകൾ

സ്പിൽഓവർ പ്രോജക്ടുകളും പുതിയ പ്രോജക്ടുകളും ഉൾപ്പെടെ ആകെ 154 പ്രോജക്ടുകൾക്കാണ് വാർഷികപദ്ധതിയിൽ അംഗീകാരം ലഭിച്ചത്. വിവിധ വിഭവസ്രോതസ്സുകളിൽ നിന്നായി ലഭ്യമായ 7,04,29,728/ രൂപ വകയിരുത്തിയതിൽ പൂർണ്ണമായോ ഭാഗികമായോ നടപ്പാക്കിയ 132പ്രോജക്ടുകൾക്കുവേണ്ടി 4,65,45,541/-രൂപയാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്. വകയിരുത്തലിന്റെ അടിസ്ഥാനത്തിലുള്ള പദ്ധതിചെലവ് 66.08 ശതമാനം മാത്രമാണ്.

### നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവുവിവരങ്ങൾ

നിർവ്വഹണചുമതലയുണ്ടായിരുന്ന ഉദ്യോഗസ്ഥരുടെ പദ്ധതിചെലവിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകാരം കിട്ടിയ പ്രോജക്ടുകൾ | തുക ചെലവഴിച്ചിട്ടുള്ളവ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവു ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 4 | 4 | 3330400 | 3330400 | 100 |
| വെറ്ററിനറി സർജൻ | 5 | 5 | 1221400 | 1221400 | 100 |
| മെഡിക്കൽ | 1 | 1 | 550000 | 550000 | 100 |

| | | | | | |
|---|---|---|---|---|---|
| ഓഫീസർ പി.എച്ച്.സി | | | | | |
| മെഡിക്കൽ ഓഫീസർ ആയുർവേദം | 2 | 2 | 350000 | 349964 | 99.98 |
| ഫിഷറസ് എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 330189 | 330189 | 100 |
| വി.ഇ.ഓ | 15 | 12 | 5208918 | 3279830 | 62.96 |
| ഐസിഡിഎസ് സൂപ്പർവൈസർ | 6 | 6 | 3467463 | 3420963 | 98.65 |
| സെക്രട്ടറി | 39 | 36 | 1,11,82014 | 1,00,17098 | 89.58 |
| വിഇഓ 11 | 12 | 11 | 2,14,95001 | 6470173 | 30 |
| അസിസ്റ്റന്റ് എൻജിനീയർ | 60 | 45 | 21313379 | 15594560 | 73 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 150000 | 150000 | 100 |
| അസി.സെക്രട്ടറി | 5 | 5 | 880964 | 880964 | 100 |
| ആകെ | 154 | 132 | 7,04,29,728 | 4,65,45,541 | 66.08 |

പ്രളയദുരിതാശ്വാസ ഫണ്ട്- ചെലവഴിക്കാത്ത 41.14 രൂപ പുനരനുവദിച്ച് ലഭിച്ചില്ല

2018-ലെ മഹാപ്രളയം പ്രതികൂലമായി ബാധിച്ച ഗ്രാമപഞ്ചായത്തുകളിലൊന്നാണ് വെച്ചൂർ. പ്രളയത്തിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണത്തിനും പുനർനിർമ്മാണത്തിനുമായി സർക്കാർ 2019-20വർഷം പ്രത്യേകവിഹിതമായി 7044000/-രൂപ (ജനറൽ 6012000+ എസ്.സി. 1032000) അനുവദിച്ചിരുന്നുവെങ്കിലും തൻവർഷം പഞ്ചായത്തിന് പ്രസ്തുത തുക വിനിയോഗിക്കാനായില്ല. തുടർന്ന് 20-21-ൽ ആയത് വികസനഫണ്ടിനൊപ്പം അധികവിഹിതമായി അനുവദിച്ച് ലഭിക്കുകയുണ്ടായി. എന്നാൽ തൻവർഷവും തുക പൂർണ്ണമായും വിനിയോഗിക്കാനായിട്ടില്ല. പ്രളയഫണ്ടായി അനുവദിച്ച തുക ജനറൽ വിഭാഗത്തിലേത് 8 ഉം എസ്.സി.വിഭാഗത്തിലേത് ഒന്നും റോഡ്പ്രവൃത്തികൾക്കായും എസ്.സി.പി വിഹിതമായി അനുവദിച്ച 315000/-രൂപ മൃഗസംരക്ഷണമേഖലയിൽ ഗോവർദ്ധനംപദ്ധതിക്കായും വകയിരുത്തിയിരുന്നെങ്കിലും രണ്ട് വിഭാഗത്തിലുമായി ആകെ 6 പ്രവൃത്തികൾ മാത്രമേ നടപ്പാക്കിയിട്ടുള്ളൂ. ആയതിനാൽ ലഭ്യമായ പ്രളയഫണ്ട് ജനറൽ വിഭാഗത്തിൽ 3397000/- രൂപയും എസ്.സിപി വിഭാഗത്തിൽ 717000/-രൂപയും നഷ്ടമാവുകയാണുണ്ടായത്.

പ്രോജക്ട് നിർവ്വഹണം

അസിസ്റ്റന്റ് എൻജിനീയർക്ക് നിർവ്വഹണ ചുമതലയുണ്ടായിരുന്ന 60പ്രോജക്ടുകളിൽ 45 പ്രോജക്ടുകൾക്കുവേണ്ടിയും തൻവർഷം തുക ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട ഫയലുകളും അനുബന്ധരേഖകളും കൃത്യതയോടെ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. 'ടേക്ക് എ ബ്രേക്ക്' പൊതുശൗചാലയനിർമ്മാണം പണി പൂർത്തീകരിച്ചെങ്കിലും പദ്ധതി പ്രവർത്തനമാരംഭിച്ചിട്ടില്ലാത്തതിനാൽ നിലവിൽ നിഷ്ക്രിയ ആസ്തിയായി നിലനിൽക്കുന്നു. മാലിന്യസംസ്കരണം ലക്ഷ്യമാക്കി വിഇഓ നിർവ്വഹണോദ്യോഗസ്ഥനായി ആവിഷ്കരിച്ച സ്പിൽ ഓവർപ്രോജക്ട് തുമ്പൂർമൂഴി മോഡൽ എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് പണി പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും നിശ്ചിതലക്ഷ്യത്തിനായി ഫലപ്രദമായി ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. മാലിന്യനിക്ഷേപം തടയുക എന്ന ലക്ഷ്യം മുൻനിർത്തി സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ സിസിടിവി ക്യാമറ സ്ഥാപിക്കൽ എന്ന പ്രോജക്ട് പൂർത്തീകരിച്ചെങ്കിലും ശരിയായ ആസൂത്രണത്തിന്റെ അഭാവവും

തുടർ മോണിറ്ററിംഗ് ഇല്ലാത്തതും കാരണം പ്രോജക്ട് ഫലപ്രദമായിട്ടില്ല.
പ്രോജക്ടുകളുടെ ഫലപ്രാപ്തി, പൂർത്തീകരണം, നിർവഹണഘട്ടങ്ങൾ എന്നിവയിലൊന്നും മോണിട്ടറിംഗ് ഉണ്ടായില്ലയെന്നത് വാർഷികപദ്ധതി നിർവ്വഹണത്തിലെ പോരായ്മയായി വിലയിരുത്തുന്നു. നിർവഹണ ഉദ്യോഗസ്ഥനെ പ്രോജക്ട് ഏല്പിച്ചശേഷം മീറ്റിംഗുകളും ചർച്ചകളും നടത്തി നിർദേശങ്ങൾ നല്കുന്നതിനപ്പുറം ഫീൽഡ്തല സന്ദർശനങ്ങൾ, രേഖകൾ പരിശോധിക്കൽ തുടങ്ങിയവയിലൂടെ യഥാർഥ നിർവഹണങ്ങൾ വിലയിരുത്തപ്പെടുന്നില്ല. ഭരണസമിതി, സ്റ്റാന്റിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയുടെ കാര്യക്ഷമമായ ഇടപെടലുകളിലൂടെ മാത്രമെ വാർഷികപദ്ധതിയുടെ ഫലപ്രാപ്തി സാധ്യമാവുകയുള്ളൂ എന്നതിനാൽ നിർവ്വഹണം മുതൽ പൂർത്തീകരണംവരെയുള്ള എല്ലാ ഘട്ടങ്ങളിലും മേൽപ്പറഞ്ഞഅധികാരസ്ഥാനങ്ങളുടേയും സംവിധാനങ്ങളുടേയും ഇടപെടലും മേൽനോട്ടവും ഉണ്ടാകേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതിയുടെ 2021-22 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 13 വാർഡുകളിലെ തൊഴിലാളികളെ ഉൾപ്പെടുത്തി കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 85 പേർക്ക് തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. 2021-22 വർഷം സാങ്കേതിക അനുമതി ലഭിച്ച 326 പ്രോജക്ടുകളിൽ 237 എണ്ണം തൻവർഷം നടപ്പിലാക്കി. 171280 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 2281കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. ആകെയുള്ള 209 അയൽക്കൂട്ടങ്ങളും പദ്ധതികളുമായി സഹകരിക്കുന്നുണ്ട്. ജലസ്രോതസുകളുടെ പുനരുദ്ധാരണം, പൊതുതോട്, വാചാൽ പുനരുദ്ധാരണം, ഭൂവികസനം, റോഡ് നിർമ്മാണം എന്നിങ്ങനെയുള്ള പ്രോജക്ടുകളാണ് തൻവർഷം നടപ്പാക്കിയത്. ക്യാഷ് ബുക്ക് പ്രകാരമുള്ള വരവ് ചെലവ് കണക്ക് വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല. എം ജി എൻ ആർ ഇ ജി എസ് ക്യാഷ്ബുക്ക് പ്രകാരമുള്ള 2021-22 വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| മുന്നിരിപ്പ് | | | 476318 |
| വരവ് | ഇ.എഫ്.എം.എസ് വരവ് | 56816181 | |
| | ക്യാഷ് വരവ് | 654340 | |
| | ആകെ വരവ് | 57,946,839 | |
| ആകെ വരവ് | | | 57,946,839 |
| ചെലവ് | തൊഴിലാളികളുടെ വേതനം | 49848009 | |
| | വിദഗ്ദ്ധ തൊഴിലാളികളുടെ വേതനം | 978480 | |
| | സാധന വില | 5989692 | |
| | ഭരണ ചെലവുകൾ (ബാങ്ക് ചാർജ് ഉൾപ്പടെ) | 1121411 | |
| ആകെ ചെലവ് | | | 57937592 |
| നീക്കിയിരിപ്പ് | | | 9247 |

## 1-7 സാമൂഹ്യസുരക്ഷ പദ്ധതികൾ

2021-22 വർഷം വെച്ചൂർ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ താഴെ ചേർത്തിരിക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വിധവ പെൻഷൻ | 8158500 | 520 |
| വിധവകളുടെ | 180000 | 6 |

| | | |
|---|---|---|
| പെൺമക്കൾക്കുള്ള വിവാഹധനസഹായം | | |
| വാർദ്ധക്യകാലപെൻഷൻ | 20403100 | 1528 |
| കർഷകതൊഴിലാളി പെൻഷൻ | 12010700 | 763 |
| വികലാംഗപെൻഷൻ | 3889200 | 246 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ | 660400 | 42 |
| തൊഴിൽരഹിത വേതനം | 0 | 0 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് 2021-22 വാർഷിക കണക്കുകളുടെ ഓഡിറ്റിന്റെ ഭാഗമായി വെച്ചൂർ ഗ്രാമപഞ്ചായത്തിൽ അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ 13/09/2022 തീയതിയിൽ 03:00 PM സമയത്ത് നടത്തുകയുണ്ടായി. പരിശോധനയിൽ 688/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഗ്രാമപഞ്ചായത്തിലെ വിവിധ ഓഫീസ് ഉത്തരവുകളിലൂടെ ഓഫീസ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓഫീസ് ഉത്തരവുകൾ പ്രകാരം ചെലവുകളുടെ നിയമസാധുത പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് സെക്ഷൻ ക്ലർക്കിനെയും ഉപരിപരിശോധനയ്ക്ക് അക്കൗണ്ടന്റിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ജീവനക്കാർ സ്ഥലം മാറിപ്പോവുന്ന സന്ദർഭങ്ങളിൽ ഓഫീസ് ഓർഡർ പ്രകാരം ചുമതലാ കൈമാറ്റം നടത്തുന്നുണ്ട്. വൗച്ചറുകൾ പ്രസിഡന്റ് സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടുണ്ട്. നികുതി കുടിശിക വരവുകൾ ഈടാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ നടപടികൾ സ്വീകരിക്കുന്നുണ്ട്. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഫയലുകൾ കൃത്യമാക്കി ഓഡിറ്റിൽ ഹാജരാക്കിയിരുന്നില്ല. നിർവ്വഹണോദ്യോഗസ്ഥർ ഫയലുകൾ കൃത്യമാക്കി സൂക്ഷിക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. പ്രോജക്ടുകളുടെ നിർവ്വഹണഘട്ടത്തിൽ മേൽനിരീക്ഷണം നടത്തുന്നതിലും പൂർത്തീകരണത്തിനുശേഷം തുടർമോണിറ്ററിംഗ് നടത്തുന്നതിലും മോണിറ്ററിംഗ് സമിതികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും ഫലപ്രദവുമാകേണ്ടതുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാന ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.10.2021 | 04/2021 മുതൽ 06/2021 വരെ | ലഭ്യമല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ | 23.08,2018 | 2012-13 മുതൽ 2016-17 വരെ | LBA(HQ)-2/8B-1357/356 |

| ഓഡിറ്റ് | | | തീയതി 23.03.2018 |
|---|---|---|---|

1-11 സാംഖ്യ രസീതുകൾ - പരിപാലനം / ഡിസ്പോസൽ

പഞ്ചായത്തിൽ 01.09.2021 മുതൽ ILGMS സംവിധാനം നിലവിൽ വന്നതിനാൽ 8176485 മുതൽ 8181000 വരെയുള്ള സാംഖ്യ രസീതുകൾ ഉപയോഗമില്ലാതെ സ്റ്റോക്കിൽ സൂക്ഷിച്ചിരിക്കുകയാണ്. മേൽ രസീതുകളുടെ പരിപാലനം / ഡിസ്പോസൽ സംബന്ധിച്ച് നിർദ്ദേശങ്ങൾ/ ഉത്തരവുകൾ ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(4 / 17.09.2022) ലഭ്യമാക്കിയ മറുപടിയിൽ ഇത് സംബന്ധിച്ച് ഉത്തരവുകളൊന്നും നിലവിലില്ലായെന്ന് അറിയിച്ചു.മേൽ രസീതുകളുടെ പരിപാലനം / ഡിസ്പോസൽ സംബന്ധിച്ച് വ്യക്തത വരുത്തി ആവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-12 ട്രഷറി അക്കൗണ്ട് - തുക തനത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ 2021-22 വാർഷിക ധനകാര്യപത്രിക പ്രകാരം 709041400000017 എന്ന ട്രഷറി അക്കൗണ്ടിൽ 402/- രൂപ നീക്കിയിരുപ്പുള്ളതായി കാണുന്നു. മേൽ തുകയുമായി ബന്ധപ്പെട്ട വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/19-09-2022) ലഭ്യമാക്കിയ മറുപടിയിൽ മേൽ തുക ട്രഷറി തനത് ഫണ്ട് വി പി എഫ് എ അക്കൗണ്ടിൽ നിലവിലുണ്ടായിരുന്ന തുകയാണെന്നും മേൽ അക്കൗണ്ട് നിലിവിൽ നിഷ്ക്രിയമാണെന്നും ആയതിനാൽ മേൽ തുക പഞ്ചായത്തിന്റെ നിലവിൽ ധനവിനിമയമുള്ള തനത് ഫണ്ട് അക്കൗണ്ടിലേയ്ക്ക് മുതൽക്കൂട്ടി നിഷ്ക്രിയമായ '709041400000017" ട്രഷറി അക്കൗണ്ട് ക്ലോസ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചു. മേൽ തുക തനത് ഫണ്ടിൽ ഉൾപ്പെടുന്നതാണെന്ന് ഉറപ്പുവരുത്തി തുക നിലവിൽ ധനവിനിമയമുള്ള തനത് ഫണ്ട് അക്കൗണ്ടിലേയ്ക്ക് മുതൽക്കൂട്ടി ക്രയവിക്രയങ്ങളില്ലാത്ത മേൽ അക്കൗണ്ട് ക്ലോസ് ചെയ്യേണ്ടതാണ്.

1-13 തൊഴിൽനികുതി ഈടാക്കിയില്ല.

2021-22 വർഷത്തെ തൊഴിൽ നികുതി സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ ചില സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കാത്തതായി കാണുന്നു.ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | സ്ഥാപനം | അടക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | ഹോമിയോ ഡിസ്പെൻസറി,വെച്ചൂർ | 1,2 |
| 2 | അക്ഷയകേന്ദ്രങ്ങൾ (അംബിക മാർക്കറ്റ്,ഇടയാഴം) | 1,2 |
| 3 | വില്ലേജ് ഓഫീസ്,വെച്ചൂർ | 1,2 |
| 4 | ബി എസ് എൻ എൽ ,വെച്ചൂർ | 1,2 |
| 5 | രുഗ്മിണി കല്യാണമണ്ഡപം,ഇടയാഴം | 1,2 |
| 6 | സോപാനം ഫിനാൻസ്,വെച്ചൂർ | 1,2 |
| 7 | ഗോകുലം ഫിനാൻസ്,വെച്ചൂർ | 1,2 |
| 8 | കൃഷ്ണപ്രിയ ഫിനാൻസ്,വെച്ചൂർ | 1,2 |
| 9 | പുളിമൂട്ടിൽ ഫിനാൻസ്,വെച്ചൂർ | 1,2 |
| 10 | കണ്ണാട്ട് ഫിനാൻസ്,വെച്ചൂർ | 1,2 |
| 11 | കയർ വ്യവസായ | 1,2 |

| | | |
|---|---|---|
| | സംഘം,അംബികാ മാർക്കറ്റ് | |
| 12 | വി വി എസ് എന്റർപ്രൈസസ്,കുടവെച്ചൂർ | 1,2 |
| 13 | ഹോമിയോ ഡിസ്പെൻസറി,വെച്ചൂർ | 1,2 |
| 14 | ഗ്രാമപഞ്ചായത്തിലെ കള്ളുഷാപ്പുകൾ(നം 7,10,11,12,13) | 1 |
| 15 | ഗ്രാമപഞ്ചായത്തിലെ കള്ളുഷാപ്പുകൾ(നം 1,8,9) | 2 |
| 16 | ഗ്രാമപഞ്ചായത്തിലെ മിൽക്ക് സൊസൈറ്റികൾ | 1,2 |

മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-14 ILGMS ഔട്ട് ഡോർ കളക്ഷൻ കൺട്രോൾ അക്കൗണ്ടിൽ 17998/- രൂപ അവശേഷിയ്ക്കുന്നു.

2020-21 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായുള്ള രസീത് പരിശോധനയിൽ ILGMS ഔട്ട് ഡോർ കളക്ഷൻ കൺട്രോൾ അക്കൗണ്ടിൽ 17998/- രൂപ Closing Balance കാണുന്നു. Ledger പരിശോധിച്ചതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| തീയതി | രസീത് ബുക്ക് നം | രസീത് ബുക്ക് പ്രകാരം Controll Account ൽ അടച്ച തുക |
|---|---|---|
| 07.01.2022 | 59136 | 4500 |
| 31.01.2022 | 59136 | 4680 |
| 15.02.2022 | 59136 | 1396 |
| 28.02.202 | 5902 | 3373 |
| 10.03.2022 | 5904 | 4049 |
| ആകെ | | 17998 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (19/19.09.2022) ലഭ്യമാക്കിയ മറുപടിയിൽ തുകകൾ സഞ്ചയയിൽ നിലവിൽ പോസ്റ്റ് ആയതായും ഔട്ട് ഡോർ കളക്ഷൻ കൺട്രോൾ അക്കൗണ്ടിൽ തുക അവശേഷിക്കുന്നത് സംബന്ധിച്ച് ഐ കെ എം ന് പരാതി നൽകിയതായും അറിയിച്ചു.തുടർനടപടികളുടെ വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-15 വസ്തുനികുതി കുടിശ്ശിക – പിരിച്ചെടുക്കൽ നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്.

2021-22 വാർഷിക ധനകാര്യപത്രിക പ്രകാരം വസ്തുനികുതിയിനത്തിൽ 764435/- കുടിശ്ശികയുള്ളതായി കാണുന്നു.കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (27/20.09.2022) ലഭ്യമാക്കിയ മറുപടിയിൽ നികുതികുടിശ്ശിക പിരിച്ചെടുക്കുന്നതിന് റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചതായി അറിയിച്ചു.നിലവിൽ കുടിശ്ശിക 482169/- ആയി കുറയ്ക്കാൻ സാധിച്ചതായും മറുപടിയിൽ അറിയിച്ചു.നികുതി പിരിവ് ഊർജ്ജിതപ്പെടുത്തി കുടശ്ശിക ഉൾപ്പെടെ പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-16 കാലഹരണപ്പെട്ട നിക്ഷേപ തുക പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടിയില്ല.

കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിൽ മുതൽകൂട്ടുന്നതിന് 07.12.2021 ലെ ധനകാര്യ

സ്റ്റാന്റിംഗ്കമ്മറ്റിയിൽ (തീരുമാനം-1) തീരുമാനിച്ചിരുന്നു.മേൽ തീരുമാന പ്രകാരം പഞ്ചായത്തിൽ വിവിധ പ്രോജക്ടുകൾക്ക് സപ്ലയേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇനത്തിൽ അടവാക്കിയിട്ടുള്ള തുക (ശീർഷകം 340100202) 39511/- പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയില്ല. മേൽ തീരുമാന പ്രകാരം ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയതിന്റെ വിവരം ഹാജരാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (11/19.09.2022) നിക്ഷേപ തുക മുതൽ കൂട്ടുന്നതിന് ILGMS മുഖേന നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കി. കേരള ഫിനാൻഷ്യൽ കോഡ് വോള്യം-1 അനുച്ഛേദം-282 പ്രകാരം തിരികെ അവകാശപ്പെടാത്ത 3 സാമ്പത്തിക വർഷം കഴിഞ്ഞ ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാവുന്നതാണ്. നിക്ഷേപ തുക പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടി വിവരം രേഖാമൂലം അറിയിക്കേണ്ടതാണ്. ഡെപ്പോസിറ്റ് തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| തീയതി | രസീത് നമ്പർ | തുക |
|---|---|---|
| 17.11.17 | 117140101313 | 1500 |
| 06.03.19 | 118140103340 | 5731 |
| 03.01.17 | 35123489 | 1285 |
| 01.02.17 | 4313485 | 375 |
| 01.03.13 | 11202101702 | 550 |
| 27.03.13 | 1897 | 500 |
| 01.04.13 | 88356 | 750 |
| 6.01.14 | 1130401092 | 2500 |
| 10.10.14 | 1140210113 | 750 |
| 20.03.15 | 11402104276 | 5760 |
| 31.03.15 | 11502100609 | 14730 |
| 17.08.15 | 689 | 1230 |
| 01.09.15 | 1150769 | 3300 |
| 25.03.17 | - | 550 |
| | | 39511 |

1-17 സംയുക്തപരിശോധന നടത്തി നാളുകൾ കഴിഞ്ഞിട്ടും വാട്ടർ അതോറിറ്റി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല- വാട്ടർ ചാർജ് ഇനത്തിൽ അധികതുക അടവാക്കിപ്പോരുന്നു.

ഗ്രാമപഞ്ചായത്തിലെ സ്ട്രീറ്റ്ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ ധനകാര്യക്കമ്മീഷൻ ഗ്രാന്റ് 587750/- രൂപയും റോഡിതരസംരക്ഷണ ഗ്രാന്റ്തുക 6,41,650/-രൂപയും ഉൾപ്പെടെ ആകെ 12,29,400/-രൂപ വാട്ടർ അതോറിറ്റിയിൽ അടവാക്കിയിട്ടുണ്ട്. ടാപ്പൊന്നിന് 5512.50 രൂപ പ്രകാരം 223ടാപ്പുകൾക്കുള്ള തുകയാണ് ഇപ്രകാരം അടവാക്കിയിട്ടുള്ളത്. അധികമായി കുടിവെള്ളചാർജ് നൽകുന്ന ടാപ്പുകളുടേയും നിലവിൽ കുടിവെള്ളം ലഭിക്കാത്ത ടാപ്പുകളുടേയും കുടിവെള്ളചാർജ്ജ് ഒഴിവാക്കുന്നതിലേക്കായി 20-3-2021മുതൽ സംയുക്തപരിശോധന നടത്തുന്നതിനുള്ള തുടർനടപടികൾക്ക് സെക്രട്ടറിയെ ചുമതലപ്പെടുത്തിക്കൊണ്ട് 12-3-21 പഞ്ചായത്ത്കമ്മിറ്റിയിൽ തീരുമാനമെടുക്കുകയും തുടർനടപടികളുടെ ഭാഗമായി തീയതിയിൽ സംയുക്തപരിശോധന നടത്തുകയും ചെയ്തിരുന്നു. സംയുക്തപരിശോധനസംബന്ധിച്ച കരട് രേഖ ഓഡിറ്റിന് ലഭ്യമാക്കിയത് പരിശോധിച്ചതിൽ നിരവധി എണ്ണം ടാപ്പുകളും കണക്ഷൻ ആവശ്യമില്ലെന്ന് കണ്ടെത്തി കട്ട് ചെയ്യേണ്ടതായി കണ്ടെത്തിയിട്ടുണ്ടെന്ന് കാണുന്നു. എന്നാൽ വാട്ടർ അതോറിറ്റിയിൽ നിന്നും നാളിതുവരെയായിട്ടും സംയുക്തപരിശോധന സംബന്ധിച്ച അന്തിമറിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ലെന്നു മാത്രമല്ല പരിശോധനയ്ക്ക് മുൻപ് ഡിമാന്റ് ചെയ്തിരുന്ന തുകതന്നെയാണ് നിലവിലും

ഡിമാന്റ് ചെയ്തുകൊണ്ടിരിക്കുന്നതെന്നും ബോധ്യപ്പെട്ടു.

ഗ്രാമപഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങൾക്ക് ചെലവഴിക്കേണ്ട തുക വാട്ടർ അതോറിറ്റിയിൽ അധികമായി അടവാക്കിക്കൊണ്ടിരിക്കുന്ന സാഹചര്യമാണുള്ളത്. വിഷയം ഗൗരവമായി കാണേണ്ടതും വാട്ടർഅതോറിറ്റിയുമായി ബന്ധപ്പെട്ട് സംയുക്തപരിശോധനാറിപ്പോർട്ട് അടിയന്തിരമായി ലഭ്യമാക്കുന്നതിനും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വെള്ളക്കരം അടവ് ക്രമീകരിക്കുന്നതിനുമുള്ള നടപടികളുണ്ടാകേണ്ടതുമാണ്. ഈ വിഷയത്തിലേക്ക് പഞ്ചായത്ത് ഭരണസമിതിയുടെ സജീവ ശ്രദ്ധക്ഷണിക്കുന്നു.

1-18 സ്വാന്തനപരിചരണ പദ്ധതി - മരുന്നുകൾ ലഭ്യമായില്ല

| | |
|---|---|
| പ്രോജക്ട് നം. | 19/21-22 സ്വാന്തനപരിചരണ പദ്ധതി |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ(സി എച്ച് സി) |
| ചെലവ് | 550000/- |
| ഫണ്ട് | വികസനഫണ്ട് (ജനറൽ) |
| ബിൽ നം. | 28/21-22 തീയതി 11.11.2021 |

സ്വാന്തനപരിചരണ പദ്ധതിപ്രോജക്ടിലേയ്ക്കായി കേരള മെഡിക്കൽ സർവ്വീസസ് കോർപറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് 165916 രൂപ 11.11.2021ൽ മേൽ സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് നൽകിയിരുന്നു. സ്റ്റോക്ക് രജിസ്റ്ററിൽ നടത്തിയ പരിശോധനയിൽ 161988രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായത്.3928 രൂപയുടെ മരുന്നുകൾ ലഭ്യമായതായി കാണുന്നില്ല.വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (3/17.09.2022) ലഭ്യമാക്കിയ മറുപടിയിൽ മരുന്നുകൾ ലഭ്യമാക്കി വിവരം അറിയിക്കുന്നതാണെന്ന് നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചു.മരുന്നുകൾ ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.3928/- ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-19 സിസിടിവി ക്യാമറ സ്ഥാപിക്കൽ - 4.9ലക്ഷത്തിലധികം രൂപ ചെലവഴിക്കപ്പെട്ട പ്രോജക്ട് - ലക്ഷ്യം കൈവരിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്ട് | 109/22 (38/21) |
| അടങ്കൽ | 497000 (തൻവർഷ അടങ്കൽ - 245915) (ധനകാര്യകമ്മീഷൻ-ടൈഡ് ഗ്രാന്റ്) |
| ചെലവ് | 28660 ( ബിൽനം- 71/19-3-22)<br>217050( ,, 72/19/3-22)<br>245710 |
| കരാർതീയതി | 22-2-2021 |

ഗ്രാമപഞ്ചായത്തിലെ മാലിന്യനിക്ഷേപം തടയുക എന്ന ലക്ഷ്യത്തോടെ ഏറ്റവും കൂടുതൽ മാലിന്യനിക്ഷേപം നടത്തപ്പെടുന്ന കല്ലറ -വെച്ചൂർ റോഡിലെ വിവിധ ഭാഗങ്ങളിൽ സിസിടിവി ക്യാമറ സ്ഥാപിക്കുന്നതിനുവേണ്ടി 2019-20 വർഷം ആവിഷ്കരിച്ച് 20-21-ൽ സ്പിൽ ഓവറായി തുടർന്നതാണ് മേൽപ്രോജക്ട്. രണ്ട് വർഷങ്ങളിലുമായി ആകെ 4,96,795/- രൂപ ഇതിനായി ചെലവഴിച്ചിട്ടുണ്ട്. ടെൻഡർ നടപടികളിലൂടെ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ശ്രീ ജയദേവൻ എന്ന കരാറുകാരന്റെ ടെൻഡർ അംഗീകരിച്ച് ടിയാനുമായി കരാറിലേർപ്പെടുകയും ചെയ്തു. പദ്ധതി പ്രകാരം ആകെ 20ക്യാമറകൾ സ്ഥാപിച്ച് പ്രവർത്തനനക്ഷമമാക്കിയിട്ടുള്ളതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഫയലിൽ സൂക്ഷിച്ചിട്ടുള്ള മോണിറ്ററിംഗ് സമിതി റിപ്പോർട്ട് പരിശോധിച്ചതിൽ പദ്ധതിനിർവ്വഹണത്തിൽ

അപാകതകൾ ഉള്ളതായും പരിഹാരനടപടികൾക്ക് നിർദ്ദേശിച്ചിട്ടുള്ളതായും കാണുന്നു. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) ക്യാമറയ്ക്ക് നൈറ്റ് വിഷൻ ക്ലിയർ അല്ലാത്തതിനാൽ മാറാമ്പൽ ക്ലീൻ ചെയ്ത് ആവശ്യമായ സ്ഥലങ്ങളിൽ IRലൈറ്റ് സ്ഥാപിച്ച് നൈറ്റ് വിഷൻ ക്ലിയർ ആക്കുക

2)ബാക്ക്അപ് സ്റ്റോറേജ് കൂട്ടുക .ആയതിനനുസരിച്ച് ആവശ്യമായ ബിറ്റ് റേറ്റ് കൂട്ടുക

3)കൂടുതൽ വ്യക്തയോടെ ദൃശ്യങ്ങൾ കാണത്തക്കതരത്തിൽ കുറച്ചുകൂടി ക്ലാരിറ്റി ഉള്ള HD ടിവി യോ മറ്റോ ഉപയോഗിക്കാവുന്നതാണ്.

4)ദൃശ്യങ്ങൾ മറയ്ക്കത്തക്ക രീതിയിലുള്ള വൃക്ഷങ്ങളുടെ ഇലകൾ ,ഓലകൾ എന്നിവ പൊതുജനങ്ങളുടെ സഹായത്തോടെ നീക്കം ചെയ്യുക. വാഹനങ്ങളുടെ നമ്പർ ലഭിക്കത്തക്കരീതിയിൽ ക്യാമറകളുടെ പൊസിഷൻ ക്രമീകരിക്കുക.

5)പലയിടങ്ങളിലും കേബിളുകൾ താഴ്ന്ന് കിടക്കുന്നത് മതിയായ ഉയരത്തിൽ സ്ഥാപിക്കാൻ കരാറുകാരന് നിർദ്ദേശം നൽകുക.

മോണിറ്ററിംഗ് സമിതി റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള മേൽ അപാകതകൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നിട്ടുള്ളതായി ഫയലിൽ രേഖകളില്ല.

തുടർന്ന് 25-2-21-ൽ ചേർന്ന പഞ്ചായത്ത്കമ്മിറ്റിയോഗം വിഷയം ചർച്ചചെയ്തിട്ടുള്ളതായും വിഷ്വൽ ബാക്ക്അപ് കുറഞ്ഞത് 15ദിവസമെങ്കിലും ലഭിക്കുന്നതിന് കമ്പ്യൂട്ടർ മെമ്മറി 16ടെറാബൈറ്റ് ആവശ്യമാണെന്നും നിലവിൽ ഇത് 2TB മാത്രമാണെന്നും ഈ പരിമിതി മറികടക്കുന്നതിന് 50000/- രൂപ വകയിരുത്തി കമ്പ്യൂട്ടർ മെമ്മറി വർദ്ധിപ്പിക്കണമെന്ന സ്റ്റിയറിംഗ് കമ്മിറ്റിയുടെ നിർദ്ദേശം നടപ്പിൽ വരുത്തുന്നതിനും തീരുമാനിച്ചതായി കാണുന്നു.

സിസിടിവി ക്യാമറ സ്ഥാപിച്ചതുമായി ബന്ധപ്പെട്ട് മോണിറ്ററിംഗ് സമിതി, സ്റ്റിയറിംഗ് കമ്മിറ്റി എന്നിവ മുന്നോട്ടുവച്ച പരിഹാര നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തിയിട്ടുള്ളതിന്റേയും 25-2-21-ലെ കമ്മിറ്റിതീരുമാനപ്രകാരം തുടർനടപടികൾ സ്വീകരിച്ചിട്ടുള്ളപക്ഷം ആയതിന്റേയും വിവരങ്ങൾ രേഖമൂലം ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നതിന് (നം-5/21-9-22) ലഭ്യമാക്കിയ മറുപടിയിൽ ഓഡിറ്റ്നിരീക്ഷണത്തിൽ ചൂണ്ടിക്കാണിച്ച അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വിഷയ വിദഗ്ധനിൽനിന്നും സാങ്കേതികോപദേശം സ്വീകരിച്ച് സംവിധാനത്തിന്റെ ബാക്ക് അപ് ശേഷി വർദ്ധിപ്പിക്കുന്നതിന് 22-23വർഷം 50000/- രൂപ വകയിരുത്തി പ്രോജക്റ്റ് ഏറ്റെടുത്തിട്ടുണ്ടെന്നും , താഴ്ന്ന കിടന്ന കേബിളുകൾ പുതിയ പോളുകൾ സ്ഥാപിച്ച് ഉയർത്തിയിട്ടുണ്ടെന്നും പദ്ധതിയുടെ കരാർ കാലാവധി കഴിയുന്നതോടെ ദേശവാസികളുടേയും പാടശേഖരസമിതിപ്രവർത്തകരുടേയും പ്രതിനിധികൾ ഉൾപ്പെടുന്ന മോണിറ്ററിംഗ് സംവിധാനവും ഏർപ്പെടുത്തുന്നതാണെന്നും വിശദീകരണം നൽകിയിട്ടുണ്ട്. എന്നാൽ സ്ഥാപിച്ചിട്ടുള്ള 20 ക്യാമറകളുടെയും റെക്കോർഡിംഗ് സിസ്റ്റവും മോണിറ്ററും സ്ഥാപിച്ചിട്ടുള്ള പഞ്ചായത്ത് ഓഫീസിലാണ് നേരിട്ട് നടത്തിയ പരിശോധനയിൽ നിലവിൽ ഒരു ക്യാമറയിൽനിന്നുപോലുമുള്ള ദൃശ്യങ്ങൾ റിക്കോർഡ് ചെയ്യപ്പെടുന്നില്ല എന്ന് ബോധ്യപ്പെട്ടു.

പൊതുഇടങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നത് തടയുകവഴി പഞ്ചായത്തിനെ മാലിന്യമുക്തമാക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പ്രോജക്ടിന്റെ പ്രവർത്തനം ക്യാമറകൾ സ്ഥാപിക്കുന്ന പ്രവൃത്തിയിൽ മാത്രമായി ഒതുങ്ങിയതായിട്ടാണ് കാണുന്നത്. പ്രോജക്ടിന്റെ യഥാർത്ഥ ലക്ഷ്യം കൈവരിക്കത്തക്കതരത്തിൽ പ്രോജക്റ്റ് നിർവ്വഹണം പൂർത്തീകരിച്ചെങ്കിലും മോണിറ്ററിംഗ് സമിതി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപാകതകൾ പരിഹരിക്കുന്നതാനാവശ്യമായ തുടർപ്രവർത്തനങ്ങളൊന്നും പിന്നീട് നടത്താതിരുന്നത് പഞ്ചായത്തിന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയായി കാണുന്നു. ക്യാമറ സ്ഥാപിച്ചിട്ടുള്ള ഒരുസ്ഥലത്തുപോലും റെക്കോർഡ് ചെയ്യപ്പെടുന്ന ദൃശ്യങ്ങൾ ആരെങ്കിലും ചെക്ക് ചെയ്തിട്ടുള്ളതായോ മാലിന്യം നിക്ഷേപിക്കുന്നത് ശ്രദ്ധയിൽപ്പെട്ട് അവർക്കെതിരെ

നടപടികൾ സ്വീകരിച്ചിട്ടുള്ളതായോ റിപ്പോർട്ട് ചെയ്തിട്ടില്ല. അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ച് ക്യാമറകൾ പ്രവർത്തനസജ്ജമാക്കി മാലിന്യനിക്ഷേപം എന്നെന്നേക്കുമായി തടയപ്പെടുന്നതരത്തിൽ പ്രോജക്ട് ലക്ഷ്യം കൈവരിച്ചിട്ടില്ലാത്തതിനാൽ തൻവർഷത്തെ 245710/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. കേബിളുകൾ പൊട്ടിപ്പോകാത്തവിധം ആവശ്യമായ ഉയരത്തിൽ സ്ഥാപിക്കുന്നതിനും വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ഓരോ ക്യാമറകളും റെക്കോഡിംഗ് സംവിധാനവുമായി ബന്ധിപ്പിക്കുകയും ദൃശ്യങ്ങൾ സമയാസമയങ്ങളിൽ നിരീക്ഷിച്ച് യുക്തമായ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്ത് പ്രോജക്ട് ലക്ഷ്യം കൈവരിക്കേണ്ടതാണ്.

ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും പഞ്ചായത്ത് ഭരണസമിതിയുടേയും അടിയന്തിരശ്രദ്ധയും ഇടപെടലും ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

1-20 വിവിധ വാർഡുകളിൽ വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് പൈപ്പ് വാങ്ങൽ- നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല- പ്രോജക്ട് നിർവ്വഹണത്തിൽ അപാകതകൾ .

| | |
|---|---|
| പ്രോജക്ട് നമ്പർ | 162/22 |
| അടങ്കൽ | 250000/- ( ധനകാര്യക്കമ്മീഷൻ - ടൈഡ് ഗ്രാന്റ് ) |
| ചെലവ് | 100000 ( 106/ 30-10-21)<br>150000 ( 137/13/12/21)<br>250000 |

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായിരുന്ന മേൽപ്രോജക്ട്പ്രകാരം ഗ്രാമപഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ വെള്ളക്കെട്ടുള്ള ഭാഗത്ത് പൈപ്പ് ഇടുന്നതിനായി ടെൻഡർ നടപടികളിലൂടെ കെ.പി.എം സ്റ്റോഴ്സ് എന്ന സ്ഥാപനത്തിൽനിന്നും 100 എണ്ണം ആർ.സി.സി. പൈപ്പുകളും ആർസിസി കോളറുകളും വാങ്ങിയ ഇനത്തിൽ യൂണിറ്റ് ഒന്നിന് 2500/-രൂപ നിരക്കിൽ ആകെ 250000/- രൂപ മേൽസൂചിപ്പിച്ച പ്രകാരം ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1) പ്രോജക്ട്പ്രകാരം നടപ്പാക്കിയ പ്രവൃത്തിയാണെന്നിരിക്കെ ഓരോ വാർഡിലും വെള്ളക്കെട്ട് ഉള്ളതും പൈപ്പ് ഇടേണ്ടതുമായ സ്ഥലങ്ങൾ കണ്ടെത്തി ഓരോ സ്ഥലത്തും സ്ഥാപിക്കേണ്ട പൈപ്പിന്റെ അളവ് ,എണ്ണം എന്നിവ തിട്ടപ്പെടുത്തി റിക്വയർമെന്റ് നിശ്ചയിച്ചതായോ കാണുന്നില്ല.

2) വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് പൈപ്പുകൾ സ്ഥാപിക്കേണ്ടതാവശ്യമാണെന്നിരിക്കെ സ്ഥാപിക്കുന്നതിനാവശ്യമായ പ്രവൃത്തി ഇനങ്ങൾ ,ലേബർചാർജ് മുതലായവ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതായി ആയതിന് ഗ്രാമപഞ്ചായത്തിലെ സാങ്കേതികവിഭാഗത്തിന്റെ സേവനം പ്രയോജനപ്പെടുത്തിയിരുന്നതായോ കാണുന്നില്ല.

3) വാങ്ങിയ 100 പൈപ്പുകളിൽ 92 പൈപ്പുകൾ സ്ഥാപിച്ചിട്ടുള്ളതായി മാത്രമേ വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയിട്ടുള്ളൂ.

4) 8 പൈപ്പുകൾ ഏതൊക്കെ സ്ഥലങ്ങളിൽ സ്ഥാപിക്കുന്നതിനുവേണ്ടിയാണ് വാങ്ങിയിരുന്നതെന്നും അവ എന്തുകൊണ്ടാണ് സ്ഥാപിച്ചിട്ടില്ലാത്തതെന്നും നിലവിൽ എവിടെയാണ് സൂക്ഷിച്ചിട്ടുള്ളതെന്നും ഫയലിൽ വ്യക്തമാക്കിയിട്ടില്ല.

5) പദ്ധതിമാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുള്ളപ്രകാരം പദ്ധതിനിർവ്വഹണം മേൽനിരീക്ഷണം നടത്തി റിപ്പോർട്ട്സമർപ്പിക്കുന്നതിലേക്കായി മോണിറ്ററിംഗ് സമിതി രൂപീകരിച്ചിരുന്നതായോ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് സമിതിയുടെ ചുമതല നിറവേറ്റുകയോ ചെയ്തിട്ടില്ല.

മേൽ അപാകതകൾക്ക് രേഖാമൂലം വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടതിന് (എൻക്വയറി

നമ്പർ 28/20-9-22) ലഭ്യമാക്കിയ മറുപടിയിൽ ഗ്രാമപഞ്ചായത്തിന്റെ ഭൂവിസ്തൃതിയുടെ പകുതിയിലേറെയും താണപ്രദേശമായതിനാൻ എല്ലാ വർഷകാലത്തും വെള്ളക്കെട്ടുണ്ടാകാറുണ്ടെന്നും എന്നാൽ ആയത് ശാശ്വതമായി പരിഹരിക്കത്തക്കതരത്തിൽ ബൃഹത്പദ്ധതികളാവശ്യമാണെങ്കിലും ആയതിനുള്ള വിഭവസ്രോതസ്സ് ഗ്രാമപഞ്ചായത്തിനില്ലായെന്ന് വ്യക്തമാക്കുകയുമുണ്ടായി. അതിനാൽ ജനങ്ങളുടെ ആവശ്യകത അറിഞ്ഞ് ഓരോ വാർഡുകളിലേക്കും ആവശ്യമായ പൈപ്പുകൾ വാങ്ങുകയും പ്രദേശവാസികൾ സ്വന്തം ചെലവിൽ അവ സ്ഥാപിക്കുകയായാണെന്നും അതാത് പ്രദേശത്തെ ജനകീയകമ്മിറ്റികളാണ് ഇത്തരം പ്രവൃത്തികൾ നിർവ്വഹിച്ചിട്ടുള്ളതെന്നും ടി കമ്മിറ്റികളുടെ പ്രവർത്തനറിപ്പോർട്ടും മോണിറ്ററിംഗ് റിപ്പോർട്ടും ഹാജരാക്കുന്നതാണെന്നും മറുപടിയിൽ വിശദീകരിക്കുന്നു. എന്നാൽ വാങ്ങിയ 8പൈപ്പുകൾ സ്ഥാപിച്ചിട്ടില്ലാത്തത് സംബന്ധിച്ച് മറുപടി ലഭ്യമാക്കിയിട്ടില്ല.

കൃത്യമായ ആവശ്യകത നിർണ്ണയിക്കാതെയും മരാമത്ത് സ്വഭാവമുള്ള പ്രവർത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കാതെയും പ്രവൃത്തി നടപ്പാക്കുന്നതും സ്ഥാപിച്ചതിനു ശേഷം എൽ എസ് ജി ഡി വിഭാഗം മൂല്യനിർണ്ണയം നടത്താതിരിക്കുന്നതും പദ്ധതിമാർഗ്ഗരേഖയ്ക്കും മരാമത്ത്ചട്ടങ്ങൾക്കും വിരുദ്ധമാണ്. നിയമാനുസൃതമുള്ള എല്ലാ നടപടിക്രമങ്ങളും പാലിച്ചുമാത്രം പ്രോജക്ടുകൾ നടപ്പാക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

### 1-21 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നും അനുബന്ധ സാധനങ്ങളും വാങ്ങൽ - മരുന്നുകൾ ലഭ്യമായില്ല

| | |
|---|---|
| പ്രോജക്ട് നം. | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നും അനുബന്ധ സാധനങ്ങളും വാങ്ങൽ (27/21-22) |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ(ഹോമിയോ) |
| ചെലവ് | 3,00,000/- |
| ഫണ്ട് | മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) |
| ബിൽ നം. | 2/20-21 തീയതി 23.11.2021 |

മരുന്നുകളും അനുബന്ധ സാധനങ്ങളും ലഭ്യമാക്കുന്നതിനായി ഹോംകോ, ആലപ്പുഴയുടെ അക്കൗണ്ടിലേക്ക് 3,00,000/- രൂപ 23.11.2021 ൽ നൽകിയിരുന്നു. സ്റ്റോക്ക് രജിസ്റ്റർ പരിശോധനയിൽ മേൽ ഇനങ്ങൾ ലഭ്യമായതായി കാണുന്നില്ല.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (8/17.09.2022) ലഭ്യമാക്കിയ മറുപടിയിൽ മരുന്നും അനുബന്ധ സാധനങ്ങളും ലഭ്യമാകുന്ന മുറയ്ക്ക് വിവരം അറിയിക്കുന്നതാണെന്ന് നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചു. ആയവ ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. പ്രോജക്ടിലേയ്ക്കായി ചെലവഴിച്ച 3,00,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 1-22 ഒരു വീടിന് ഒരു അടുക്കളത്തോട്ടം - വിതരണവിവരങ്ങൾ ലഭ്യമല്ല.

| | |
|---|---|
| പ്രോജക്ടിന്റെ പേര് / നമ്പർ | ഒരു വീടിന് ഒരു അടുക്കളത്തോട്ടം ( 36/21-22) |
| ചെലവ് /ഫണ്ടിനം | 3,00,000/- വികസനഫണ്ട് ജനറൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

| | |
|---|---|
| ബിൽ നം. | 2/21-22 Dtd 25.09.2021 – 2,00,000/-<br>5/21-22 Dtd 10.01.2022 – 1,00,000/- |

മേൽ പ്രോജക്ട് പ്രകാരം ഗുരുകൃപ ഹോർട്ടികൾച്ചർ നേഴ്സറി കുവം, പ്രാദേശിക കൃഷി ഗവേഷണ കേന്ദ്രം കേരള കാർഷിക സർവ്വകലാശാല കുമരകം എന്നീ സ്ഥാപനങ്ങളിൽ നിന്നും പച്ചക്കറി തൈകൾ /വിത്തുകൾ വാങ്ങിയതായി കാണുന്നു. മേൽ ഇനങ്ങൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (2/17.09.2022) ലഭ്യമാക്കിയ മറുപടിയിൽ വാർഡ് മെമ്പർമാർ മുഖേനയാണ് വിതരണം നടത്തിയതെന്നും പ്രത്യേക വിതരണരജിസ്റ്റർ സൂക്ഷിച്ചിട്ടില്ലെന്ന് അറിയിച്ചു. ഭാവിയിൽ വിതരണരജിസ്റ്റർ പരിപാലിക്കുന്നതാണെന്നും അറിയിച്ചു. പ്രോജക്റ്റുകൾ പ്രകാരമുള്ള വസ്തുക്കളുടെ വിതരണത്തിന്റെ കൃത്യത ഉറപ്പുവരുത്തേണ്ടതാണ്.

1-23 വഴിയോര വിശ്രമകേന്ദ്രം- പണി പൂർത്തീകരിച്ചെങ്കിലും ഉപയോഗപ്രദമാക്കിയിട്ടില്ല.

നിർവ്വഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് എഞ്ചിനിയർ

| | |
|---|---|
| പ്രോജക്ട് | 92/22, ടേക്ക് എ ബ്രേക്ക് -പൊതു ശൗചാലയ നിർമ്മാണം |
| അടങ്കൽ | 1353943 |
| ചെലവ് | 1176663 |

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ചേർത്തല -കോട്ടയം സംസ്ഥാന പാതയോരത്തുള്ളതും ബസ് സ്റ്റാന്റ് നിർമ്മാണത്തിനായി വാങ്ങിയ സ്ഥലത്ത് 1176663 രൂപ ചെലവഴിച്ച് നാലു ടോയ്‌ലെറ്റ് സമുച്ചയങ്ങൾ, ഒരു വിശ്രമമുറി, കഫത്തേരിയ, ഫീഡിങ്ങ് റൂം എന്നിവ പണിഞ്ഞിട്ടുണ്ട്. നിർമ്മാണം പൂർത്തിയാക്കിയെങ്കിലും ശുചിമുറി കോംപ്ലക്സും വിശ്രമകേന്ദ്രവും നാളിതുവരെ പൊതുജനാവശ്യത്തിനായി തുറന്നു നൽകിയിട്ടില്ലയെന്ന് 20/09/22 ന് നടത്തിയ പ്രാദേശിക പരിശോധനയിൽ കണ്ടു. ടി വിഷയം എക്സിറ്റ് മീറ്റിങ്ങിൽ അവതരിപ്പിച്ചപ്പോൾ യൂസർ ഫീ ഈടാക്കി സ്ഥാപനത്തിന്റെ തുടർപരിപാലനചെലവ് ഉറപ്പാക്കുന്നതിനാണ് പഞ്ചായത്ത് ആഗ്രഹിക്കുന്നതെന്നും ഇതിനായി സ്ഥാപനത്തിന്റെ സമീപം പഞ്ചായത്തിന്റെ ജനകീയ ഹോട്ടൽ പൂർത്തീകരിച്ചിട്ടുണ്ടെന്നും, ജനകീയ ഹോട്ടൽ പ്രവർത്തകർക്ക് തന്നെ വാർഷിക ഫീസ് ഈടാക്കി കെട്ടിടം വിട്ടു നൽകാനാണ് ഉദ്ദേശിക്കുന്നതെന്നും അറിയിച്ചു. വിനോദ സഞ്ചാരികൾ ഏറ്റവുമധികം ആശ്രയിക്കുന്ന കുമരകം -ആലപ്പുഴ പാതയോരത്തെ വിശ്രമകേന്ദ്രം നിഷ്ക്രിയമായി അവശേഷിക്കാതെ പൊതു ജനങ്ങൾക്ക് പ്രയോജനപ്പെടുത്താൻ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

1-24 അങ്കണവാടി നിർമ്മാണ പ്രോജക്ടുകൾ- ജില്ലാ പഞ്ചായത്ത് വിഹിതം ചെലവഴിച്ചില്ല

ഗ്രാമപഞ്ചായത്തിന്റെ ഏഴാം വാർഡിലെ അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിനും പതിമൂന്നാം വാർഡിലെ അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിനും തയ്യാറാക്കിയ പ്രോജക്ടുകളിൽ യഥാക്രമം 500000 രൂപയും 200000 രൂപയും ജില്ലാപഞ്ചായത്ത് വിഹിതം ഉൾപ്പെടുത്തിയിരുന്നു. (പ്രോജക്ട് നമ്പർ-169/22,138/22)ടി ഫണ്ടുകൾ പഞ്ചായത്തിന്റെ ജോയിന്റ് വെൻചർ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. പ്രവൃത്തി ഏറ്റെടുത്ത് കരാറുകാർ പണി പൂർത്തീകരിച്ച് ഫൈനൽ ബിൽ സമർപ്പിച്ചിരുന്നെങ്കിലും തുക മാറി നൽകാത്തതിന് വിശദീകരണം രേഖാമൂലം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് (14/19.09.2022) ലഭ്യമാക്കിയ മറുപടിയിൽ 26/03/2022 തീയതിയിൽ ജോയിന്റ് അക്കൗണ്ടിലേക്ക് 500000 രൂപയും 31/03/22 ൽ 200000 രൂപയും അനുവദിച്ചിരുന്നുവെന്നും 169/22 നമ്പർ പ്രോജക്ടിന് 268023 രൂപയുടേയും 138/2022 നമ്പർ പ്രോജക്ടിന് 100782 രൂപയുടേയും ബില്ലുകൾ

ബിംസ് വഴി അയച്ചിരുന്നുവെന്നും എന്നാൽ 30/03/2022 ബിൽ സമർപ്പിക്കാഞ്ഞതിനാൽ നാളിതുവരെ ചെക്ക് പാസ്സാക്കി നൽകിയിട്ടില്ലാത്തതും 31.03.2022 ൽ അഞ്ചു ലക്ഷം രൂപ സർക്കാരിലേക്ക് തിരികെ എടുത്തിട്ടുള്ളതുമാണെന്നും അറിയിച്ചു . ജില്ലാ പഞ്ചായത്ത് പ്രസ്തുത തുക ചെലവായി രേഖപ്പെടുത്തുകയും യഥാർത്ഥത്തിൽ ചെലവാകാതെ സർക്കാർ തിരികെ എടുത്ത സാഹചര്യവുമാണ് നിലവിലുള്ളത്. കരാറുകാർ പ്രോജക്ട് പൂർത്തീകരിച്ചതിനാൽ ഫണ്ട് തിരികെ ലഭ്യമാക്കാൻ ഭരണസമിതി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-25 കന്നുകുട്ടി പരിപാലന പദ്ധതി- വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

പ്രോജക്ട് നം. 21/22

അടങ്കൽ- 400000 രൂപ ( വികസന ഫണ്ട്)

ചെലവ്- 400000/- ബിൽ നമ്പർ-9/21-22 8/02/2022

നിർവ്വഹണോദ്യോഗസ്ഥൻ- വെറ്റിനറി സർജൻ.

ഗ്രാമ പഞ്ചായത്തിന്റെ 2020-21 വാർഷിക പദ്ധതിയിൽ നടപ്പാക്കിയ മേൽ പ്രോജക്ട് പ്രകാരം 32 ഗുണഭോക്താക്കളുടെ പഞ്ചായത്ത് വിഹിതം 400000 രൂപ വികസന ഫണ്ടിൽ നിന്നും പിൻവലിച്ച് കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം അസിസ്റ്റന്റ് ഡയറക്ടറുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. പ്രോജക്ട് പൂർത്തിയാകുന്ന മുറയ്ക്ക് പൂർണ്ണ തുകയ്ക്കുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. അതുവരെ ചെലവഴിച്ച 400000/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-26 നിക്ഷേപപ്രവൃത്തികൾ- വിനിയോഗവിവരങ്ങൾ ലഭ്യമായിട്ടില്ല-ചെലവു തടസ്സപ്പെടുത്തുന്നു.

ഗ്രാമപഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ കുടിവെള്ളപൈപ്പ് ലൈൻ നീട്ടൽ, വൈദ്യുതലൈൻ ദീർഘിപ്പിക്കൽ എന്നീ പ്രവൃത്തികൾക്കായി പ്രോജക്ട്പ്രകാരം വാട്ടർ അതോറിറ്റിയിലും കെ.എസ്.ഇ.ബി-യിലും തുക നിക്ഷേപിച്ചിരുന്നു. പ്രോജക്ട് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | നിർവ്വഹണ സ്ഥാപനം | കൈമാറിയ തുക | ബിൽനമ്പർ/വൗച്ചർ നമ്പർ |
|---|---|---|---|
| 213/22<br>വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ | വാട്ടർ അതോറിറ്റി, പി.എച്ച് ഡിവിഷൻ ,കടുത്തുരുത്തി | 936000 /- | 22100556/31.03.2022 |
| 214/22<br>വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | ,, | 3,85000/- | 22100555/31.03.2022 |
| 151/22<br>വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ | അസിസ്റ്റന്റ് എൻജിനീയർ,ക കെ.എസ്.ഇ.ബി,തലയാഴം സെക്ഷൻ | 12,37,200/- | 22100474/15.03.2022 |
| 152/22<br>വടകോടി മറ്റം | വാട്ടർ അതോറിറ്റി, പി.എച്ച് ഡിവിഷൻ | 150000 | 66/26-2-22 |

| | | | |
|---|---|---|---|
| അച്ചിനകം സബ്സെന്റർ, കൃഷിഭവൻ എന്നിവിടങ്ങളിൽ പ്ലംബിംഗ് ഉൾപ്പെടെ വാട്ടർ കണക്ഷൻ | ,കടുത്തുരുത്തി | | |
| 77/22 വിവിധ വാർഡുകളിൽ പോസ്റ്റ്മാറ്റൽ | അസിസ്റ്റന്റ് എൻജിനീയർ,ക കെ.എസ്.ഇ.ബി,തലയാഴം സെക്ഷൻ | 199997/- | 235/25-3-22 |
| | ആകെ | 2908197/- | |

മേൽപ്രോജക്ടുകൾ പൂർത്തീകരിച്ച് ധനവിനിയോഗവിവരങ്ങൾ നിർവ്വഹണസ്ഥാപനങ്ങളിൽനിന്നും ലഭ്യമായിട്ടില്ല. ഫയലുകൾ പരിശോധിച്ചതിൽ പ്രവൃത്തി ആരംഭിക്കുന്നതും പൂർത്തീകരിക്കുന്നതുമായ തീയതികൾ കരാറിൽ രേഖപ്പെടുത്തിയിട്ടുമില്ല. അപാകത ശ്രദ്ധയിൽപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ധനവിനിയോഗവിവരങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 22-9-22-ൽ നിർവ്വഹണസ്ഥാപനങ്ങൾക്ക് കത്ത് നൽകിയിട്ടുണ്ട്.സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് മേൽ പ്രോജക്ടുകളുടെ ഭാഗമായ പ്രവൃത്തികൾ പൂർത്തീകരിച്ച് ധനവിനിയോഗവിവരങ്ങൾ ലഭ്യമാകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. വിനിയോഗവിവരങ്ങൾ ലഭ്യമാകുന്നതുവരെ പ്രവൃത്തികൾക്കായി പഞ്ചായത്ത് ചെലവഴിച്ച 2908197/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-27 വിവിധ ഉദ്ദേശ്യങ്ങൾക്കായി ഫണ്ട് കൈമാറൽ - ചെലവ് വിശദാംശങ്ങൾ ലഭ്യമായിട്ടില്ല

വിവിധ ഉദ്ദേശങ്ങൾക്കായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി അംഗീകാരം കിട്ടിയ പ്രോജക്ടുകൾക്കുവേണ്ടി ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾ/ ഏജൻസികൾക്ക് തുകകൾ കൈമാറിയിട്ടുണ്ട്. എന്നാൽ കൈമാറിയ തുകകളുടെ വിനിയോഗവിവരങ്ങൾ ലഭ്യമായിട്ടില്ല.

| പ്രോജക്ട് | കൈമാറിയ തുക | ബിൽനമ്പർ | തുക കൈപ്പറ്റിയ സ്ഥാപനം | റിമാർക്സ് |
|---|---|---|---|---|
| 1/22എസ്.എസ്.എ.വിഹിതം അടവാക്കൽ (ജനറൽ) | 101880/- | 15/ 9-7-21 | പ്രോജക്ട് ഡയറക്ടർ ,എസ്.എസ്.എ.,കോട്ടയം ജില്ല | വിനിയോഗവിവരങ്ങൾ ലഭിച്ചിട്ടില്ല |
| 2/22 എസ്.എസ്.എ.വിഹിതം അടവാക്കൽ (പട്ടികജാതിവിഭാഗം) | 76720/- | 14/ 9-7-21 | ,, | ,, |
| 9/22 ജില്ലാആസൂത്രണ സമിതി കെട്ടിട നിർമ്മാണത്തിന് വിഹിതം നൽകൽ | 100000/- | 31/16-9-21 | ജില്ലാ പ്ലാനിംഗ് ഓഫീസർ, കോട്ടയം | ,, |
| ആകെ | 278600/- | | | |

മേൽപ്രോജക്ടുകൾപ്രകാരമുള്ള തുകകൾ ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ടെങ്കിലും കൈമാറിയ തുകയുടെ വിനിയോഗവിവരങ്ങൾ സ്ഥാപനങ്ങളിൽനിന്നും ലഭ്യമായിട്ടില്ല. വിനിയോഗസാക്ഷ്യപത്രം ലഭ്യമാകുന്നതുവരെ 278600/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-28 പ്രത്യേക ആവശ്യത്തിനുള്ള ഗ്രാന്റുകൾ - ചെലവഴിച്ചിട്ടില്ല

പ്രത്യേക ആവശ്യത്തിന് വിവിധ ഏജൻസികളിൽ നിന്നും ലഭിച്ച തുകകൾ ചെലഴിക്കാതെ തനത് ഫണ്ടിൽ സൂക്ഷിക്കുന്നുണ്ട്. 31/03/2022 ലെ ബാലൻസ് ഷീറ്റ് ബി4 ഷെഡ്യൂളിൽ ടി തുകകളുടെ നീക്കിയിരിപ്പ് താഴെ വിവരിക്കും പ്രകാരം ഉൾപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നമ്പർ | ഹെഡ് ഓഫ് അക്കൗണ്ട് | വിവരണം | തുക |
|---|---|---|---|
| 1 | 320100181 | ടോട്ടൽ സാനിട്ടേഷൻ | 601763 |
| 2 | 320100195 | എപ്പിഡെമിക്ക് നിയന്ത്രണം | 426310 |
| 3 | 320100198 | ശുചിത്വ മിഷൻ ഗ്രാന്റ് | 450194 |
| 4 | 320200399 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് | 412000 |
| 5 | 320700204 | സംയുക്ത പ്രോജക്ടുകൾക്കുള്ള വിഹിതം-ബ്ലോക്ക് പഞ്ചായത്ത് | 440118 |
| 6 | 320700205 | സംയുക്ത പ്രോജക്ടുകൾക്കുള്ള വിഹിതം-ജില്ലാ പഞ്ചായത്ത് | 401290 |

പ്രസ്തുത ഗ്രാന്റുകൾ ഏതേത് ആവശ്യങ്ങൾക്കായി ലഭിച്ചതാണെന്ന് വ്യക്തമല്ല. പഞ്ചായത്ത് ഫണ്ടിൽ ദീർഘകാലമായി നിലനിൽക്കുന്ന ഗ്രാന്റ് തുകകൾ നിർദ്ദേശിക്കപ്പെട്ട ആവശ്യത്തിന് ചെലവഴിക്കുകയോ അല്ലാത്തപക്ഷം തിരികെ അടവാക്കിയോ പഞ്ചായത്തിന്റെ ബാധ്യത ഒഴിവാക്കേണ്ടതാണ്. പഞ്ചായത്തിന് ലഭ്യമാകുന്ന ഗ്രാന്റ് തുകകളുടെ എല്ലാ വിശദാംശങ്ങളും രജിസ്റ്ററിൽ ചേർത്ത് ഫണ്ട് വിനിയോഗം നിരീക്ഷിക്കേണ്ടതാണ്.

1-29 റോഡ് കണക്ടിവിറ്റി മാപ്പ്- മാപ്പിങ്ങ് പൂർത്തിയായിട്ടില്ല

നിർവ്വഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് എഞ്ചിനിയർ

| | |
|---|---|
| പ്രോജക്ട് | 200/22, റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ |
| അടങ്കൽ | 26300 |
| ചെലവ് | 26300,ബിൽ നമ്പർ-8/25.02.22 |

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകളുടെ കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതിനായി പ്രോജക്ട് തയ്യാറാക്കുകയും ഗ്രാമപഞ്ചായത്തിലെ ആസ്തികളുടെ സമഗ്ര സർവ്വേ ആർ ട്രാക്ക് എന്ന മൊബൈൽ ആപ്ലിക്കേഷൻ വഴി ഡേറ്റാ എൻട്രി നടത്തുകയും ചെയ്തു. ഡേറ്റാ എൻട്രിക്കായി പ്രോജക്ട് പ്രാകാരം 26300 രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ട് പൂർത്തീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് (12/19.09.2022) ഡിജിറ്റലായി സർവ്വേ ചെയ്ത റിസൽട്ടിനെ മാനുവലായി സൈറ്റിൽ പരിശോധിക്കേണ്ടതാണെന്നും ഡിജിറ്റൽ സർവ്വേയുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് മാപ്പിങ്ങ് പ്രവൃത്തിയും പ്രോജക്ടും പൂർത്തീകരിക്കുന്നതാണെന്നറിയിച്ചു. പ്രോജക്ട് പൂർത്തീകരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1-30 പുത്തൻപാലം GHS സ്കൂൾ കെട്ടിടനവീകരണം- ഗ്രാമപഞ്ചായത്തിന് കൈമാറാത്ത സ്ഥാപനത്തിന് തുക ചെലവഴിച്ചു

നിർവ്വഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് എഞ്ചിനിയർ

| | |
|---|---|
| പ്രോജക്ട് | 137/22, പുത്തൻപാലം GHS സ്കൂൾ കെട്ടിനവീകരണം |
| അടങ്കൽ | 1000000 MGNR |
| ചെലവ് | 982030<br>ബിൽ നമ്പർ-4/30.11.21 |

മേൽ പ്രോജക്ട് പ്രകാരം പുത്തൻപാലം GHS സ്കൂൾ കെട്ടിനവീകരണം എന്ന പ്രോജക്ടിനായി 982030 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഹൈസ്കൂളുകൾ ഗ്രാമപഞ്ചായത്തിന് കൈമാറി കിട്ടിയ സ്ഥാപനമല്ല. പഞ്ചായത്തിന് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ആസ്തികളുടെ പരിപാലനത്തിനാണ് മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിക്കേണ്ടത്. പഞ്ചായത്തിന്റെ ആസ്തിയല്ലാത്ത/കൈമാറി കിട്ടാത്ത സ്ഥാപനത്തിന്റെ നവീകരണത്തിന് തുക ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് (13/19.09.2022) പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന സ്കൂൾ കെട്ടിടത്തിന്റെ മേൽക്കൂരയുടെ കുറേഭാഗം തകർന്ന് ഏകദേശം ഒരു വർഷത്തോളം ഉപയോഗശൂന്യമായി കിടന്നെന്നും ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 23/1/2020 ലെ 1(6) നമ്പർ ആയി എടുത്തിട്ടുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് മേൽ കെട്ടിടം നവീകരിക്കുന്നതിനുള്ള പ്രോജക്ട് ഏറ്റെടുത്തതെന്നും ആയതിന് ജില്ലാ പഞ്ചായത്തിന്റെ അംഗീകാരം ലഭിച്ചിരുന്നുവെന്നും മേൽ പദ്ധതി കൊണ്ട് പ്രസ്തുത കെട്ടിടം സംരക്ഷിക്കുവാൻ സാധിച്ചുവെന്നും മറുപടി ലഭ്യമാക്കി. എന്നാൽ പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ പ്രകാരം പ്രോജക്ടുകൾ തയ്യാറാക്കുന്നത് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലയിൽപ്പെടുന്നതാണ്. വിദ്യാഭ്യാസം കല സംസ്കാരം വർക്കിങ്ങ് ഗ്രൂപ്പ് ഇത്തരത്തിലൊരു നിർദ്ദേശം മുന്നോട്ടു വെച്ചതായി കാണുന്നില്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ -166ാം വകുപ്പ് ഒന്നാം ഉപവകുപ്പ് 3-ാം പട്ടികയിൽ ഗ്രാമപഞ്ചായത്തുകളുടെ പൊതുവായ ചുമതലകളും മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇപ്രകാരമുള്ള ചുമതലകളും സർക്കാർ പ്രത്യേകമായി ഏൽപ്പിച്ചതുമായ ചുമതലകളും

നിറവേറ്റുന്നതിനു വേണ്ടിയായിരിക്കണം പ്രോജക്റ്റുകൾ തയ്യാറാക്കേണ്ടത്. എന്നാൽ ഇതിൽ നിന്നും വ്യതിചലിച്ച് പൊതുവായ ചുമതലകളിലോ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിലോ ഉൾപ്പെടാത്ത ഇനങ്ങൾക്കായി പദ്ധതികൾ നടപ്പിലാക്കുന്നത് നിയമപ്രകാരമല്ല. തനത് വരുമാനം കുറവായ പഞ്ചായത്ത് ഇപ്രകാരം പദ്ധതികൾ നടപ്പാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. പഞ്ചായത്ത് രാജ് ആക്ടിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ടും, പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ അടിസ്ഥാനമാക്കിയും പ്രോജക്റ്റുകൾ ആവിഷ്കരിക്കേണ്ടതാണ്.

## 1-31 വിവിധ വാർഡുകളിലെ കോളനികളിൽ തുമ്പൂർമുഴിമോഡൽ എയ്റോബിക്ക് ബിൻ കമ്പോസ്റ്റ്-നിർവ്വഹണ ഏജൻസിക്ക് തുക പൂർണ്ണമായും നൽകിയിട്ടില്ല.

പ്രോജക്റ്റ് നം- 99/22 ( വിവിധ വാർഡുകളിലെ കോളനികളിൽ

തുമ്പൂർമുഴിമോഡൽ എയ്റോബിക്ക് ബിൻ കമ്പോസ്റ്റ്

നിർവ്വഹണ ഉദ്യോഗസ്ഥൻ -വി ഇ ഒ

ഗ്രാമപഞ്ചായത്തിലെ രണ്ട് കോളനികളിലും (വാർഡ് 2,13) പുത്തൻപാലം ഗവൺമെന്റ് ഹൈസ്കൂളിലും തുമ്പൂർമൂഴി മോഡൽ മാലിന്യസംസ്കരണപ്ലാന്റ് യൂണിറ്റ് സ്ഥാപിക്കുന്നതിന് 1200000/-രൂപ ശുചിത്വമിഷൻ ഗ്രാന്റ് വകയിരുത്തിയിരുന്നു. പ്രോജക്റ്റ് നടപ്പിലാക്കുന്നതിന് അക്രഡിറ്റഡ് ഏജൻസിയായ IRTC-പാലക്കാട് എന്ന് സ്ഥാപനവുമായി 14.02.2019ൽ കരാറിൽ ഏർപ്പെടുകയും ചെയ്തു. 2019-20, 2020-21 വർഷങ്ങളിലായി സംസ്കരണ പ്ലാന്റിന്റെ നിർമ്മാണം പൂർത്തികരിക്കുകയും ആകെ 679,027/-രൂപ സ്ഥാപനത്തിന് നൽകിയിട്ടുമുണ്ട്. അവശേഷിക്കുന്ന തുക 520973/- രൂപ നൽകുന്നതിന് പ്രോജക്റ്റ് ആവിഷ്ക്കരിച്ചിട്ടുണ്ടങ്കിലും സുലേഖ ചെലവ് പത്രികപ്രകാരം തൻവർഷം പ്രോജക്ടിനായി തുക ചെലവഴിച്ചിട്ടില്ല. കമ്പോസ്റ്റ് യൂണിറ്റുകളുടെ നിർമ്മാണം ഭൗതീകമായി പൂർത്തീകരിച്ചിട്ടുള്ളതായി ഗ്രാമപഞ്ചായത്ത്, LID & EW വിഭാഗം അസി.എൻജിനീയർ സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ നിർവ്വഹണ ഏജൻസിക്ക് തുക (520973/-) പൂർണ്ണമായും നൽകാത്തതിന്റെ കാരണം വ്യക്തമാക്കുവാനും, ഈ വിഷയത്തിൽ അസി.എൻജിനീയറുടെ വിശദീകരണംകൂടി രേഖാമൂലം ലഭ്യമാക്കുവാനും ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (29/22.09.2022) ലഭ്യമാക്കിയ മറുപടിയിൽ മാലിന്യസംസ്കരണ പ്ലാന്റ് നിർമ്മാണം പൂർത്തീകരിച്ചതിനുശേഷം ഓഫീസിൽ പരിശോധനയ്ക്ക് ഹാജരാക്കിയ ഫയലിൽ ബിൽ, എം ബുക്ക് എന്നിവയോടൊപ്പം പ്രവൃത്തിയുടെ അംഗീകരിച്ച എസ്റ്റിമേറ്റ് ലഭ്യമല്ലായിരുന്നു എന്ന് അസി.എഞ്ചിനീയർ അറിയിച്ചു. അതിനാൽ ബിൽ പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുവാൻ സാധിച്ചില്ല എന്നും അസി.എൻജിനീയർ മറുപടി ലഭ്യമാക്കി. ആയതിനാൽ എസ്റ്റിമേറ്റ് ലഭ്യമാക്കി ശുചിത്വമിഷനിൽനിന്നും തുക അനുവദിച്ച് മേൽ സ്ഥാപനത്തിന് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പ്രോജക്റ്റുകൾ സ്പിൽഓവർ ആകുന്നതുമൂലം ഓരോവർഷത്തെ പദ്ധതി ചെലവ് കുറയുന്നു. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഇതോടൊപ്പം പൂർത്തികരിച്ച മാലിന്യ സംസ്കരണ യൂണിറ്റ് പ്രവർത്തന ക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-32 ലൈഫ് ഭവന പദ്ധതി അവലോകനം

1.പ്രോജക്റ്റ് നം-29/22,103/22 (ജനറൽ)

മേൽ പ്രോജക്റ്റ് ഫെയ്സ് II , IIIയിൽ ഉൾപ്പെട്ട് കരാർവെച്ച് ഭവന നിർമ്മാണത്തിന് ആനുകൂല്യം കൈപ്പറ്റിയ താഴെ പറയുന്ന അഞ്ചു ഗുണഭോക്താക്കൾ നാളിതുവരെ നിർമ്മാണം പൂർത്തികരിച്ചിട്ടില്ല. പരാമർശിച്ചിട്ടുള്ള ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തികരിക്കുന്ന മുറക്ക് വിവരം അറിയിക്കേണ്ടതാണ്. ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

1.ഷൈനി രാജു

2.തിലോത്തമ കാർത്തികേയൻ-

3.മായ പാലത്തറ-

4.നിഷ വി ആർ-

5.ശ്രീജ ബിജു-3,

2) പ്രോജക്റ്റ് നം 30/22,104/22 (പട്ടികജാതി )

മേൽ പ്രോജക്റ്റ് ഫെയ്സ് II , IIIയിൽ ഉൾപ്പെട്ട് കരാർവെച്ച് ഭവന നിർമ്മാണത്തിന് ആനുകൂല്യം കൈപ്പറ്റിയ താഴെ പറയുന്ന അഞ്ചു ഗുണഭോക്താക്കൾ നാളിതുവരെ നിർമ്മാണം പൂർത്തികരിച്ചിട്ടില്ല. പരാമർശിച്ചിട്ടുള്ള ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തികരിക്കുന്ന മുറക്ക് വിവരം അറിയിക്കേണ്ടതാണ്.ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

1.ഭാർഗവി, പുതുച്ചിറ -9

2.ഗ്രേസി പൊന്നപ്പൻ

3.ഉഷ എ കെ

4.സുജാത ബാബു

5.ഓമന അപ്പു

6.ശ്രീകുമാർ ഡി

7.ബിന്ദു മധു

8.അജിഷ് കുമാർ പി റ്റി

9.രത്നമ്മ

10.ശോഭന

3) ലൈഫ് ഭവന പദ്ധതി ഫെയ്സ് IIൽ ഉൾപ്പെട്ട് കരാർവെച്ച് ഭവന നിർമ്മാണത്തിന് ആനുകൂല്യം കൈപ്പറ്റിയ താഴെ പറയുന്ന മൂന്ന് ഗുണഭോക്താക്കൾ നാളിതുവരെ നിർമ്മാണം പൂർത്തികരിച്ചിട്ടില്ല. പരാമർശിച്ചിട്ടുള്ള ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തികരിക്കുന്ന മുറക്ക് വിവരം അറിയിക്കേണ്ടതാണ്.ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

1.ഉഷ കുഞ്ഞ്കുഞ്ഞ്-9 -13.03.19 260000/--വാൾപ്ലയിറ്റ്

2.പ്രീയ ചന്ദ്രൻ-4 - 13.03.19 360000/-ലിന്റൽ

3.കുഞ്ഞുമോൾ-9 22.11.19 200000/--ബയിസ്മെന്റ്

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2021-22 | 17.09.22 |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 4-2 സംയുക്തപ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 103500 | ശാരിരിക മാനസിക വെല്ലുവിളി നേരിടുന്ന വർക്കുള്ള സ്കോളർഷിപ്പ് (45/22) | 103500 | |
| | 75000 | അനുപൂരകപോഷകാഹാരം (39/22) | 75000 | |
| | 240000 | ലൈഫ് (29/22) | 240000 | |
| ആകെ | 418,500 | | 418,500 | |
| ജില്ലാ പഞ്ചായത്ത് | മുൻവർഷം ലഭിച്ച തുക | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ (86/22) | 200000 | |
| | 400000 | അനുപൂരകപോഷകാഹാരം (39/22) | 400000 | |
| | 150,0000 | ശാരിരിക മാനസിക വെല്ലുവിളി നേരിടുന്ന വർക്കുള്ള സ്കോളർഷിപ്പ് (45/22) | 150,000 | |
| | 303590 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ (89/22) | 303590 | |
| | 620000 | ലൈഫ് മിഷൻ എസ് സി (30/22) | 620000 | |
| | 700000 | അംഗൻവാടിയുടെ നിർമ്മാണം (169/22, 138/22) | | |
| ആകെ | 2373590 | | 1673590 | 700000 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് | മുൻകൂർ | ചെലവഴിച്ച | ചെലവഴിക്കാൻ |
|---|---|---|---|---|---|

| ഏജൻസി | | നം. | നൽകിയ തുക | തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ. ഡബ്ള്യൂ.എ | 10/22 ജൽ ജീവൻമിഷൻ പദ്ധതി | | 240000 | 240000 | - |
| | വടകോടി അംഗൻവാടി, മറ്റം സബ്ബ് സെന്റർ,അച്ചിനകംസബ്ബ് സെന്റർ,കൃഷിഭവൻഎന്നി സ്ഥാപനങ്ങളിൽ പ്ലംബിംഗ് വാട്ടർ കണക്ഷൻ ഉൾപ്പെടെ (152/22) | | 150000 | 150000 | - |
| | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ(213/22) | | 938770 | 936000 | 2770 |
| | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ(214/22) | | 393980 | 385000 | 8980 |
| കെ എസ് ഇ ബി | വിവിധ വാർഡുകളിൽ പോസ്റ്റ് മാറ്റൽ | | 200000 | 199997 | 3 |
| | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ (151/22) | | 1237200 | 1237200 | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

## 4-5 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ, തീയതി | തൻവർഷ വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് പദ്ധതി (കെ.യു.ആർ.ഡി.എഫ്.സി. ലോൺ) | ജി ഒ(എം.എസ്) 68/2018, 18.05.2018, ജി ഒ(എം.എസ്) 100/2018, 30.07.2018 | | 11556833 | 1202666 | ---- | 10,354,167 |

4-6 സ്ഥിര നിക്ഷേപത്തിന്റെ വിവരം

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം തുക ലഭിച്ചിട്ടില്ല.

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ ഇല്ല.

4-9 ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

ചാർജ്/സർചാർജ് നടപടികളിലൂടെ തൻവർഷം തുക ഈടാക്കിയിട്ടില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 68234791 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 64383063 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4136435/- |

(ചെലവിനങ്ങളിലുള്ള നഷ്ടം , വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 3928/- | ഡോ ജി ഐ സപ്ന ,മെഡിക്കൽ ഓഫീസർ, സി എച്ച് സി |
| 1-19 | 245710/- | ശ്രീ വി എൻ രജിമോൻ,സെക്രട്ടറി |
| 1-21 | 3,00,000/- | ഡോ. ജയ വി എസ് ,മെഡിക്കൽ ഓഫീസർ ഹോമിയോ |
| 1-25 | 4,00,000/- | ഡോ.നിമ്മി എ ജോർജ്ജ്,വെറ്റിറനറി സർജൻ |
| 1-26 | 2908197/- | വി എൻ രജിമോൻ, സെക്രട്ടറി |
| 1-27 | 101880/- | ശ്രീ എസ് കെ രാജീവ്, |

| | | |
|---|---|---|
| | | സെക്രട്ടറി |
| 1-27 | 76720/- | ശ്രീ എസ് കെ രാജീവ്,സെക്രട്ടറി |
| 1-27 | 1,00,000/- | ശ്രീ വി എൻ രജിമോൻ,സെക്രട്ടറി |
| ആകെ | 4136435/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിയ്ക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 2002-03 ചെലവ് | കെ.എസ്.എ-കെ.ടി.എം പി6/2004(1) /18/09.05.2019 | 1 |
| 2005-06 | കെ.എസ്.എ- കെ.ടി.എം.പി6/2004(3)18 /08.05.2019 | 1 |
| 2007-08 | കെ.എസ്.എ- കെ.ടി.എം.പി6/(അദാ)22 /1791/(1)/22, 19.08.2022 | 1 |
| 2008-09 | കെ.എസ്.എ- കെ.ടി.എം.പി6/2004(8)/18, 09.05.2019 | 1 |
| 2009-10 | കെ.എസ്.എ- കെ.ടി.എം.പി6/2004(6)/18, 30.04.2019 | 1 |
| 2010-11, 2011-12 | കെ.എസ്.എ- കെ.ടി.എം.പി6/2004(7) /18/33(12)/ 18/29.04.2019 | 5 |
| 2012-13, 2013-14 | കെ.എസ്.എ- കെ.ടി.എം.പി6/അദാ.22 | 3 |

| | | |
|---|---|---|
| | /1797(2)/22/19.08.2022 | |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി6/അദാ.22 /1797(3)/22, 19.08.2022 | 3 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി6/2004(10) /2018/03.05.2019 | 11 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി6/140/22, 30.05.2022 | 11 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി6/140/22, 28.05.2022 | 5 |
| 2018-19 | കെ.എസ്.എ-കെ.ടി.എം.പി6/140/22, 26.05.2022 | 8 |
| 2019-20 | കെ.എസ്.എ..കെ.ടി.എം-പി-6/1486/21 /16.04.2022 | 8 |
| 2020-21 | കെ.എസ്.എ.കെ.ടി.എം-പി-6/1487/21/06.01.2022 | 21 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ വെച്ചൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ വെച്ചൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്